# ബേക്കർ മെമ്മോറിയൽ ഗേൾസ്
# എച്ച് .എസ് .എസ് കോട്ടയം



# മഴവില്ല്

## എഡിറ്റോറിയൽ ബോർഡ്

- ശ്രീമതി. ജെസി വർഗീസ് ; എച്ച്.എം
- ശ്രീമതി. എമി എലിസബത്ത് ജോൺ ; കൈറ്റ് മിസ്ട്രസ്
- ശ്രീമതി. രഞ്ജിനി എലിസബത്ത് വറുഗീസ് ; കൈറ്റ് മിസ്ട്രസ്
- ആൻ ലിയ തോമസ് ; ഇ-മാഗസിൻ എഡിറ്റർ
- ഐശ്വര്യമോൾ റെജി
- ഹൻസ ഹനീഫ്
- മോനിക്കാവതി കെ.
- ജെക്സി വിൻസി ജോസഫ്
- സാന്ദ്ര സുരേഷ്
- സുമയ്യ സി. എം

# പ്രഥമാധ്യാപികയുടെ സന്ദേശം



കേരളത്തിലെ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ ബേക്കർ കുടുംബം കാണിച്ച ധീരമായ ചുവടുവയ്പാണ് ബേക്കർ മെമ്മോറിയൽ എന്ന ഈ വിദ്യാലയം. അന്നു കൊളുത്തിയ അറിവിന്റെ തീനാളങ്ങൾ പെൺകരുത്തിന്റെ പ്രഭചൊരിഞ്ഞു കൊണ്ട് കോട്ടയം പട്ടണത്തിന്റെ ഹൃദയഭാഗത്ത് ഇന്നും പരിലസിക്കുന്നു. കുഞ്ഞുങ്ങളുടെ സർഗവാസനകളെ കോർത്തിണക്കിക്കൊണ്ട് തയാറാക്കുന്ന ഇ-മാഗസിന് എല്ലാ ആശംസകളും നേരുന്നു.

ഹെഡ്മിസ്ട്രസ്

ജെസി വർഗീസ്

## ഇ - മാഗസിൻ എഡിറ്ററുടെ സന്ദേശം



ബേക്കർ സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.റ്റി കൂട്ടായ്മയുടെ പ്രഥമ ഇ – മാഗസിൻ "മഴവില്ല്"പുറത്തിറക്കുന്നു. വിവര വിനിമയ സാങ്കേതികവിദ്യയോടുള്ള ആഭിമുഖ്യം പ്രയോജനപ്പെടുത്താൻ ഞാനും എൻെറ കൂട്ടുകാരും ഈ അവസരം പരമാവധി ഉപയോഗിച്ചു. സന്തോഷകരമായ അനുഭവങ്ങളും ഓർമകളും സാധ്യമാക്കാൻ ഈ തിരിക്ക് സാധിക്കും എന്ന് ഉറപ്പുണ്ട്. കേരളീയ വനിതകളെ വിദ്യ നൽകി സ്വതന്ത്രരാക്കിയ ബേക്കർ വനിതകളുടെ മുമ്പിൽ പ്രണാമം അർപ്പിച്ചുകൊണ്ട് വിനയപൂർവ്വം സമർപ്പിക്കുന്നു.

ആൻ ലിയ തോമസ്
ഇ – മാഗസിൻ എഡിറ്റർ 9C

# കൈറ്റ് മിസ്ട്രസിൻെറ സന്ദേശം

കേരളത്തിൽ സ്ത്രീ സമൂഹത്തിൻെറ നവോത്ഥാനം ആരംഭിച്ചത് അവർക്ക് ലഭിച്ച വിദ്യാഭ്യാസത്തിലൂടെയാണ്. 1819 – ൽ ആരംഭിച്ച പെൺപള്ളിക്കുടമായ ബേക്കർ സ്കൂളിലൂടെയാണ് അത് സാധ്യമായത്. വിജ്ഞാന വിസ്ഫോടനങ്ങളുടെ ഈ കാലത്ത് ബേക്കർ സ്കൂളിലെ ഐ.റ്റി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിൻെറ നേതൃത്വത്തിലുള്ള ഇ-മാഗസിൻ പുതിയ തലമുറയുടെ കഴിവുകളെ വികസിപ്പിക്കുവാൻ സഹായകമായിട്ടുണ്ട്.  ഇതിന് നേതൃത്വം നൽകുവാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്. എല്ലാ ആശംസകളും നേരുന്നു.

എമി എലിസബത്ത് ജോൺ
കൈറ്റ് മിസ്ട്രസ്സ്

# <u>കൈറ്റ് മിസ്ട്രസിൻെറ സന്ദേശം</u>

സ്ത്രീ വിദ്യാഭ്യാസം സമൂഹത്തിൽ നിഷേധിക്കപ്പെട്ടിരുന്ന കാലത്ത് 19-ാം നൂറ്റാണ്ടിൻെറ തുടക്കത്തിൽ ആരംഭിച്ച ബേക്കർ സ്കൂൾ ഇന്നും അറിവിൻെറ പാതയിൽ പ്രകാശം പരത്തുന്നു. അക്ഷര നഗരിക്ക് അലങ്കാരമായ ഈ സ്ഥാപനത്തിലെ ഐ.റ്റി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന ഇ-മാഗസിൻ വിവരവിനിമയ രംഗത്തെ കുതിപ്പിന് ഒരു ഉദാഹരണമാണ്. ഇതിന് നേതൃത്വം നൽകാൻ സാധിച്ചതിൽ സന്തോഷമുണ്ട്.

നൻമകൾ നേരുന്ന ഹൃദയപൂർവ്വം

രഞ്ജിനി എലിസബത്ത് വറുഗീസ്

കൈറ്റ് മിസ്ട്രസ്സ്

താളുകൾ മറിക്കുമ്പോൾ


- ബേക്കർ ലിറ്റിൽ കൈറ്റ്സ് ഒരു അവലോകനം
- കേരളസമൂഹവും ബേക്കർ കുടുംബവും
- ഒരു അമ്മയുടെ കാത്തിരിപ്പ്
- പുതിയകാലഘട്ടവും കുട്ടികളും
- എന്റെ പ്രിയദേവൻ
- സൗഹൃദം
- സ്നേഹം
- അത്യാഗ്രഹം ആപത്ത്
- എന്റെ അമ്മ
- എന്റെ കൂട്ടുകാരി
- മുക്കുവൻ
- കോമൻ കുഴിയിൽ
- ചെറുതുള്ളികൾ
- കുസൃതി ചോദ്യങ്ങൾ
- പുലർ കാലം
- അമ്മയ്ക്കു തുല്യമായ് ആരുലകിൽ
- പാച്ചുവും കീച്ചുവും
- വൈക്കം മുഹമ്മദ് ബഷീർ
- കരടിയുടെ കുസൃതി

- കണ്ണുകളും കാതുകളും
- കടംകഥകൾ
- ഒരു പിതാവിന്റെ സ്നേഹം
- ഗാന്ധിയൻ ക്വിസ്
- വിദ്യാർഥികളിലെ അച്ചടക്കം
- പഴഞ്ചൊല്ലുകൾ
- കാട്ടിലെ കൂട്ടുകാർ
- ഇലകളുടെ താളം
- ഓണാഘോഷം
- പ്രകൃതിക്ഷോഭം വരുത്തി വയ്ക്കുന്ന വിനാശങ്ങൾ
- സാഹിത്യ ക്വിസ്
- കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത
- വാർമഴവില്ല്
- ക്വിസ്
- അറിവ്
- സൗഹൃദച്ചെപ്പ്
- ക്രിസ്തുമസ്
- പണ്ടത്തെ അടുക്കള ഉപകരണങ്ങൾ
- കൃതജ്ഞത

## "ബേക്കർ ലിറ്റിൽ കൈറ്റ്സ്" - ഒരു അവലോകനം



കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ.റ്റി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. സാങ്കേതിക വിദ്യയോടുള്ള കുട്ടികളുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ഇത് രൂപപ്പെട്ടു. ലിറ്റിൽ കൈറ്റ്സ് അംഗമായ ഒരു വിദ്യാർഥി വൈവിധ്യമായ പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകുന്നു. ഗ്രാഫിക്സ്, ആനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിംങ്, പൈത്തൺ പ്രോഗ്രാമിംങ്, മൊബൈൽ ആപ്പ് നിർമാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഹാർഡ്‌വെയർ, മലയാളം കമ്പ്യൂട്ടിങ്, ഇൻറർനെറ്റ്, സൈബർ സുരക്ഷ, എന്നിങ്ങനെ വിവിധ മേഖലകളിൽ പരിശീലനം ഉൾക്കൊള്ളിച്ചിരിക്കുന്നു. സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ കൈറ്റിന്റെ പദ്ധതി ലക്ഷ്യമിടുന്നു.

ചരിത്രത്തിൻെറ താളുകളിലേക്ക് ഈ വിദ്യാലയ മുത്തശ്ശി നടന്നു കയറുമ്പോൾ, ഒപ്പം കരം പിടിച്ച് സ്കൂൾ ഐ.റ്റി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് മുന്നോട്ട് കുതിക്കുന്നു.

# കേരള സമൂഹവും ബേക്കർ കുടുംബവും

18-ാം നൂറ്റാണ്ടിൻെറ അവസാനത്തിൽ ഇംഗ്ളണ്ടിലെ കർഷക കുടുംബത്തിൽ നിന്നും ക്രിസ്തീയ മിഷനറിയായി ഹെൻറി ബേക്കർ (Sr.) ഇന്ത്യയിലെത്തി. ഹെൻറി ബേക്കർ ചർച്ച് മിഷനറി സൊസൈറ്റി (CMS)യിൽ ചേരാൻ തീരുമാനിച്ചു. 1817- ൽ പട്ടത്വം സ്വീകരിച്ചു. തഞ്ചാവൂർ ലൂഥറൻ മിഷനറി റവ. ജെ. സി. കോൾഹോഫിൻെറ സഹോദരൻെറ പുത്രി അമീലിയ ഡൊറോത്തിയ കോൾഹോഫിനെ വിവാഹം ചെയ്തു. ജനിച്ച മകൻ ആണ് ഹെൻറി ബേക്കർ (Jr.). ഹെൻറി ബേക്കർ ജൂണിയർ പഠനാർഥം ഇംഗ്ളണ്ടിൽ പോയി. 25-ാം വയസിൽ മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കി മടങ്ങിവന്നു. ജാതിവ്യവസ്ഥ, ശിശുവിവാഹം, സതി,ദേവദാസിസമ്പ്രദായം, സ്ത്രീധനം, അയിത്തം, ക്ഷേത്രവിലക്ക്, മാറുമറയ്ക്കാൻ സ്ത്രീകൾക്ക് അവകാശമില്ലായ്മ, വിദ്യാഭ്യാസ വിലക്ക്, മുതലായ ദുരാചാരങ്ങൾ സമൂഹത്തിൽ കൊടികുത്തി വാണിടത്ത് ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനം സമൂഹത്തിൻെറ സംസ്കാര ഉയർച്ചക്ക് നല്ലൊരു പങ്കുവഹിച്ചു. ഹെൻറി ബേക്കർ(Sr.) ഉം അദ്ദേഹത്തിൻെറ ഭാര്യ അമീലിയ ഡൊറോത്തിയ ബേക്കറും വിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യം കൊടുത്തിരുന്നു. അവരുടെ പെൺമക്കൾ തങ്ങളുടെ ജീവിതം പൂർണമായി സ്ത്രീവിദ്യാഭ്യാസത്തിനായി മാറ്റി വച്ച് മാതാപിതാക്കളോടൊത്ത് പ്രവർത്തിച്ചു. ശൂദ്രർക്കും, താണജാതിക്കാർക്കും വിലക്കിയിരുന്ന വിദ്യാഭ്യാസം അനേകം സ്കൂളുകൾ സ്ഥാപിച്ചതിലൂടെ അവർക്ക് പ്രാപ്യമാകുകയും ജാതിചിന്തകൾ മാറ്റിമറിക്കുകയും ചെയ്തു.

ബേക്കർ മിഷനറിമാർ കൊണ്ടുവന്ന വിപ്ലവകരമായ മാറ്റം സ്ത്രീവിദ്യാഭ്യാസം തന്നെ ആണ്. സ്ത്രീ അറിവുള്ളവളാകുന്നതിലൂടെ സമൂഹത്തെ നവീകരിക്കുവാനും ഉന്നമനത്തിലേക്കു കൊണ്ടുവരുവാനും കഴിയുമെന്ന് അവർ വിശ്വസിച്ചു. അനേകം പെൺകുട്ടികളെ ബേക്കർ മിഷനറിമാർ തങ്ങളുടെ കുടുംബത്തോടൊപ്പം താമസിപ്പിച്ചു. അവർക്ക് എഴുത്ത് , വായന, തയ്യൽ പരിശീലനം, എംബ്രോയിഡറി തയ്യൽ, ബുക്ക് ബൈൻറിംഗ് എന്നിവ പഠിപ്പിക്കുന്നതിനും അവരെ സ്വയം പര്യാപ്തരാക്കുന്നതിനും ബേക്കർ മിഷനറി

# ഒരു അമ്മയുടെ കാത്തിരിപ്പ്

ഒരിടത്ത് ഒരു അമ്മയും മകനും ഉണ്ടായിരുന്നു. അവർ തമ്മിൽ ഒരു രഹസ്യവും ഉണ്ടായിരുന്നില്ല അവർ എല്ലാ കാര്യവും പങ്കുവെയ്ക്കും. മക്കൻ വളർന്നു വലുതായി വിദേശത്ത് ജോലി കിട്ടിപ്പോയി. ഇത് ഇവർക്ക് വലിയ വിഷമം ആയി. പിരിഞ്ഞതിനുള്ള വിഷമം കാരണം അമ്മ ഭക്ഷണം കഴിച്ചില്ല മകനും അതുപ്പോലെ തന്നെ. രണ്ട് മൂന്ന് വർഷങ്ങൾക്കുശേഷം മകൻ വലിയ പണക്കാരനായി അമ്മക്ക് തീരെ വയ്യാതായി കിടപ്പിലായി മകനാണെങ്കിൽ വിവാഹപ്രായം ആയി. അത് മനസ്സിലാക്കിയ മക്കൻ ഒരു പെണ്ണിനെ പ്രേമിച്ച് വിവാഹം കഴിച്ചു. ഈ കാര്യം അമ്മയോടു പറഞ്ഞില്ല. മകനാണെങ്കിൽ മക്കളും ഉണ്ടായി ഇതും അമ്മക്ക് അറിയില്ല അമ്മയാണങ്കിൽ മക്കനെ വിളിച്ചു വിളിച്ച് മടുത്തു. മകനാണെങ്കിൽ അമ്മ ഫോൺ വിളിക്കാറില്ല വിളിച്ചാൽ എടുക്കില്ല മകൻ അമ്മയെ മറന്നു. പക്ഷെ അമ്മ മകനെ കാത്തിരിക്കുകയാണ്. അമ്മയാണെങ്കിൽ മരിക്കാറായി. ഈ കാര്യം ഒന്നും മകൻ ശ്രദ്ധിക്കാറില്ല. ഒരു സുപ്രഭാധത്തിൽ അമ്മ മരിച്ചു ഈ വിവരം മകൻ അറിഞ്ഞു മകൻ അമ്മയെ കാണാൻ ചെന്നില്ല. കുടുംബക്കാർ മകനെ വിളിച്ചപ്പോൾ അങ്ങനെ ഒരു അമ്മയെ ആറിയില്ല എന്നു മകൻ പറഞ്ഞു.

ഇതാണ് ഒരു അമ്മയുടെ കാത്തിരിപ്പ് മകൻ മറന്നാലും അമ്മ മകനെ മറക്കില്ല അതാണ് രക്തബന്ധം.


പാർവ്വതി പത്മകുമാർ
6 :എ

## പുതിയ കാലഘട്ടവും കുട്ടികളും

നമുക്ക് അറിയാം ഇന്നത്തെ കാലത്തെകുട്ടികളെകുറിച്ച് പണ്ട കുട്ടികളുടെ കൈയിൽ കല്ലുപെൻസിലും സ്ലേറ്റുമായിരുന്നു എന്നാൽ ഇന്നത്തെ കുട്ടികളുടെ കൈയിൽ ടാബുകളും ഐഫോണുകളുമാണ്. പണ്ട് മുത്തശ്ശിമാർ പാടിയും പറഞ്ഞു കൊടുത്തിരുന്ന പഴഞ്ചൊല്ലുകളും, പുരാണ കഥകൾക്കും പകരം കാട്ടൂണുകളും റിയാലിറ്റി ഷോകളുമാണ്. കുട്ടികൾ ഇന്ന് ഫെയ്സ് ബുക്കും, വാട്സ് അപ്പും ഉപയോഗിച്ചാണ് ഉറങ്ങുന്നത്. എന്നാൽ ഇതിന് കുട്ടികളെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. മാതാപിതാക്കളുടെ വലിയ പങ്ക് അതിലുണ്ട് കുട്ടികളുടെ മുന്നിൽ ഫോൺ കുത്തി കൊണ്ടിരിക്കുന്ന മാതാപിതാക്കളെ കണ്ട് ഏതു കുട്ടിയായാലും അത് അനുകരിക്കാൻ താൽപ്പര്യം തോന്നും. പിന്നീട് അത് കുട്ടികൾക്ക് ഒഴിനാക്കാൻ കഴിയില്ല . പണ്ട് കുട്ടികൾ മരത്തിൽ കയറിയും കുളങ്ങളിൽ നീന്തിയും സൈക്കിൾ ചവിട്ടിയും ഉല്ലസിച്ചപ്പോൾ ഇപ്പോൾ കുട്ടികൾ ഫെയ്സ്ബുക്കിലും വാട്സ് അപ്പിലും നീന്തികളിക്കുന്നു കാല*ഘട്ടത്തിന് അനുസരിച്ച് മാറുന്നത് നല്ലതാണ്, പക്ഷേ പഴമയെ മറന്ന് ജീവിക്കരുത്. ഇന്ന് കുട്ടികൾ പറയും മാതാപിതാക്കൾ അനുസരിക്കും അതാണ് ഇന്നത്തെ കാലഘട്ടം . പുതിയ നവമാധ്യമങ്ങൾക്ക് അനുസരിച്ച് മാരുക പക്ഷേ പരിധി വിടരുത്*

*ശ്വേത .പി*
*7:ബി*

# എൻെറ പ്രിയദേവൻ




സത്യത്തിൽ താതനായ് യേശുദേവനെ
നിത്യത്തിൽ നടത്തിലും യേശുദേവനെ
പാരിതിൽ നടത്തിടും യേശുദേവനെ
ജിവനിൽ തുടിപ്പ് നീ യേശുദേവനെ

എന്നുമെൻ ജീവനിൽ
സ്നേഹത്തിൻ നാഥനായി
എന്നുമെൻ കൂടെ നടന്നിടും

കൈകളാൽ താങ്ങിടും നേരത്തിൻ മാർഗ്ഗത്തിൽ
നിത്യം സഹായിക്കും യേശുദേവനെ
കണ്ണുനീർ തുടപിടും പാപങ്ങൾ പോക്കിടും
ദിവ്യസ്നേഹമെൻ യേശുനായകാ

ഇനി നീയില്ലാത്ത മറ്റു സ്നേഹമില്ല
എൻ അമ്മേപോലെ ഓമനിച്ച ദേവനെ
ഏഴയെ താങ്ങുന്നോൻ ദേവനെ
ജീവനിൽ സ്നേഹമെ ദേവനെ

നിജ ബൈജു
*8 ഡി*

## സൗഹൃദം

ജനനം, ജീവിതം, മരണം. ഈ മൂന്ന് ഘട്ടങ്ങളിലൂടെയാണ് മനുഷ്യൻ കടന്നുപോകുന്നത് വലിയ നൂറ്റാണ്ടുകളോളം ജിവീച്ചല്ലെങ്കിലും 100 വർഷത്തിൻെറ അടുത്തൊക്കെ ജിവിതം നിണ്ട് കിടക്കുന്നവരാണ് മനുഷ്യർ. ഈ എളിയ ജീവിതത്തിനിടയിൽ പല സന്ദർഭങ്ങളിലൂടെ നമുക്ക് കടന്നു പോകേണ്ടതായി വരും. അതിൽ ഏറ്റവും ആദ്യമായി നാം ജനിക്കുന്നു .ആദ്യം അമ്മയുടെ മുഖം, പിന്നെ പലരുടെയും . നമ്മുടെ പ്രായത്തിലുള്ള ചില കുട്ടികൾ , അല്ലെങ്കിൽ നമ്മളെക്കാൾ താഴ്ന്ന പ്രായത്തിലുള്ളവർ അല്ലെങ്കിൽ മുതിർന്നവർ , അവരോട് നമുക്ക് ഒരു

പ്രത്യേക സ്നേഹവും കരുതലും , മറ്റെന്തക്കെയോ, അങ്ങനെയുള്ള അനിർവചനിയമായ ഒരു ബന്ധമാണ് സൗഹൃദം . രക്തബന്ധം ഇല്ലാത്തവരായിരിക്കും അവർ . എന്നാൽ നമ്മളിൽ നമ്മുടെ രക്തബന്ധത്തെക്കാൾ സ്വാതന്ത്രം കാണിക്കുന്നത് അവരായിരിക്കും . അവരിൽ നിന്ന് നാം സന്തോഷം നേടുന്നു . മനുഷ്യനു സങ്കടത്തിൻെറ പരിഹാരമായി ദൈവം നൽകിയ സമ്മാനം ആയിരിക്കും ഒരുപക്ഷേ സുഹൃത്തുക്കൾ എന്നാൽ എല്ലാ നാണയങ്ങൾക്കും ഇരുവശമുണ്ടെന്ന പോലെ ഈ സൗഹൃദം എന്ന ബന്ധത്തിനും ഇരുവശങ്ങളുണ്ട് . ചില സുഹൃത്തുക്കൾ നമ്മുടെ ജിവിതത്തിൻെറ അനുഗ്രഹമായിരിക്കും മറ്റുചിലർ നമ്മുടെ ജീവിതം തന്നെ താളം തെറ്റിക്കുന്നവരായിരിക്കും എന്നാൽ ചില നല്ല സുഹൃത്ത് ബന്ധങ്ങൾ ആഗ്രഹിക്കാത്ത നേരത്ത് വന്നു ചേരുന്ന സൗഭാഗ്യമാണ് . നഷ്ടമായാൽ തിരിച്ചെടുക്കാൻ കഴിയാത്തനിധിയാണ് . നൂറ് സുഹൃത്തുക്കളെ ഉണ്ടാക്കുന്നത് ഒരു വലിയ കാര്യമല്ല. ആ വലിയ കാര്യം എന്തെന്നാൽ നൂറ് പേർ എതിരായി നിന്നാലും നമ്മെ പിന്തുണക്കും ഒരു സുഹൃത്ത് ഉണ്ടാകുന്നതാണ്. സുഹൃത്തുക്കളെ തിരഞ്ഞെടുക്കുന്നതിൽ ഒരിക്കലും തെറ്റ് പറ്റാതിരിക്കുക . നല്ല സുഹൃത്തിനെ ലഭിച്ചാൽ അത്

ഒരിക്കലും കൈവിടാതിരിക്കുക . മനുഷ്യൻ എന്ന്
ജീവിക്ക് സാമുഹിക ബന്ധമില്ലാതെ ജീവിക്കാൻ
കഴിയില്ല . അപ്പോൾ ആ ബന്ധങ്ങളിൽ ഏറ്റവും
അമൂല്യമാണ് സുഹൃത്ത് ബന്ധം

ഒരിക്കലും വാടാത്ത പൂ പോലെ
ആരും പറയാത്ത കഥ പോലെ
ഇതു വരെ കാണാത്ത സ്വപ്നം പോലെ
എന്നും എപ്പോഴും മായാനെനിൽക്കട്ടെ
ഈ സൗഹൃദം

ഇർഫാന ഇക്ക്ബാൽ
*8 ഡി*

സ്നേഹം...

ഒരിടത്ത് ഒരിടത്ത് ചിന്നം അപ്പുവും എന്ന് പേരുള്ള രണ്ട് സഹോദരങ്ങൾ ഉണ്ടായിരുന്നു.അവരുടെ അമ്മ ഒരിക്കൽ ഫലം പറിക്കാൻ കാട്ടിൽ പോയി. അവരുടെ അമ്മ അവരോട് പറഞ്ഞായിരുന്നു അരു വന്നാലും വാതിൽ തുറക്കരുത് എന്ന് അവർ അത് അനുസരിച്ചു.കാട്ടിൽ വെച്ച് അവരുടെ അമ്മയെ പുലി ആക്രമിച്ചു ,അമ്മ മരിച്ചു പോയി.പിന്നിട് പുലി അവരുടെ വീട്ടിൽ എത്തി.അത് വാതിൽ ചവിട്ടി പൊളിച്ചു.അത് അപ്പുവിനെ ആക്രമിച്ചും അപ്പോൾ ചിന്നു കല്ല് എറിഞ്ഞ് പുലിയെ മാറ്റി .പുലി ചിന്നുവിൻെറ നേരെ ചെന്നു. ചിന്നു ഓടി മരത്തിൽ കയറി.പുലി മരത്തിൽ കയറി ചിന്നുവിനെ കടിക്കാൻ

പോവുകയാണ് അപ്പോൾ അപ്പു പുലിയെ വകവരുത്തി.ഇതാണ് യഥാർത്ഥ സനേ്ഹം......

മൂസിന

*5 ബി.*

## <u>അത്യാഗ്രഹം ആപത്ത്</u>

ഒരിക്കൽ ഒരു മുത്തശ്ശി ഒരു തീർത്ഥയാത്രയ്ക്ക് പോകുവാൻ തീരുമാനിച്ചു.മുത്തശ്ശിയുടെ കൈയ്യിൽ കുറച്ചു സ്വർണ്ണനാണയമുണ്ടായിരുന്നു. യാത്രപോകുമ്പോൾ കൊണ്ടുപോകുവാൻ ആപത്തായതിനാൽ മുത്തശ്ശി ആ പണം തൻെറ അയൽക്കാരനെ ഏൽപിക്കാൻ തീരുമാനിച്ചു . പക്ഷെ അയൽക്കാരൻ അതു സ്വീകരിക്കാൻ തയ്യാറായില്ല. അയാൾ മുത്തശ്ശിയോട് മുത്തശ്ശിക്ക് വിശ്വാസമുള്ളിടത്ത് അത് സൂക്ഷിക്കാൻ പറഞ്ഞു. മുത്തശ്ശി ആ പണം തൻെറ പറമ്പിലെ മാവിൻെറ ചുവട്ടിൽ കുഴിച്ചിടുന്നത് അയൽക്കാരൻ ഒളിച്ചുനിന്ന് കണ്ടു . മുത്തശ്ശി യാത്ര പുറപ്പെടുകയും ചെയ്തു. തീർത്ഥാടനം കഴിഞ്ഞ് തിരിച്ചു വന്ന മുത്തശ്ശി മാവിൻ ചുവട്ടിൽ പണം തിരഞ്ഞപ്പോൾ അത് അവിടെ ഇല്ലായിരുന്നു . പകരം മറ്റൊരു സഞ്ചിയിൽ കുറെ പാറക്കല്ലുകൾ നിറച്ചു വെച്ചിരുന്നു. മുത്തശ്ശി രാജാവിനോട് സങ്കടം പറഞ്ഞപ്പോൾ രാജാവ് ആ നാട്ടിലെ തുന്നൽക്കാരനെ വിളിച്ചു. കല്ല് നിറച്ചിരുന്ന സഞ്ചി തുന്നിയത് ആർക്കു വേണ്ടിയാണ് എന്ന് ചോദിച്ചു . മുത്തശ്ശിയുടെ അയൽക്കാരനാണ് തന്നോട് ആവശ്യപ്പെട്ടതെന്ന് തുന്നൽക്കാരൻ പറഞ്ഞു.അയൽക്കാരനെ വിളിപ്പിച്ചു. ചോദ്യം ചെയ്തപ്പോൾ മുത്തശ്ശിയുടെ പണം കട്ടെടുത്തത് താനാണെന്ന് അയാൾ സമ്മതിച്ചു. രാജാവ് അയാളെ ശിക്ഷിക്കുകയും മുത്തശ്ശിയുടെ പണം തിരികെ ഏൽപ്പിക്കുകയും ചെയ്തു.

## എന്റെ അമ്മ



ലോകം ഞാൻ കണ്ടതും നിന്നിലൂടെ
ലോകം ഞാൻ അറിഞ്ഞതും നിന്നിലൂടെ
വാത്സല്യനിധിയാണ് എന്റെ അമ്മ
അളവറ്റ സ്നേഹം എനിക്ക് നൽകി
നേർവഴി കാട്ടി മുന്നോട്ടു നയിച്ചും
അറിവിൻ നിറകുടം എനിക്ക് നൽകി

ജീവൻെറ ജീവനാണ് എനിക്ക് അമ്മ
താങ്ങായ് തണലായി അമ്മ എന്നും
എങ്ങനെ വീട്ടുമി സ്നേഹകടം ഞാൻ
നിറഞ്ഞ സ്നേഹം മാത്രമെ തരാനുള്ളു
സ്വികരിച്ചാലും അനുഗ്രഹിച്ചാലും

നെസിയ സാബു

## എൻെറ കൂട്ടുകാരി

ഇന്നലെകളിൽ ഇന്നും എന്നും
എന്നും എൻെറ നെഞ്ചിലെ നീ
മഞ്ഞുപെയ്യ്ത്ത് രാവ് പോലെ
എന്നും എൻെറ നെഞ്ചില് നീ

നാം എന്നും ചേർന്നിടാം
നാം ചേർന്നിടാം കൂടിടാം
നാം എന്നും ചേർന്നിടാം

നാം ചേർന്നിടാം പോയിടാം
ഉള്ളിൽനള്ളിൽ എന്നും എൻെറ
നെഞ്ചകത്തിൻ കൂട്ടുക്കാരി
പിണങ്ങിടാതെ മനസ്സിൻ എന്നും
സ്നേഹത്തിലും പൂ ഇതൾ
തെന്നലായി എൻെറ
പുഞ്ചിരിതേൻ മുല്ല പോലെ
മൗനമുണ്ടോ? മാഞ്ഞിടല്ലേ ....

നിജാ ബിജു

8 ഡി

# മുക്കുവൻ

ഒരിടത്ത് ഒരിടത്ത് മുക്കുവനും അവന്റെ ഭാര്യയും ഉണ്ടായിരുന്നു. അവരുടെ പൊട്ടി പൊളിഞ്ഞ പഴയ വീടായിരുന്നു. ഭാര്യക്ക് അതിൽ സംത്രുപ്തിയില്ലായിരുന്നു. അവൾക്ക് എപ്പോഴും പരാതിയായിരുന്നു. ഒരു ദിവസം അവൻ വീട്ടിൽ മീനുകളെ കൊണ്ടു വന്നില്ലെങ്കിൽ അവൾ അവന് ഒന്നും കൊടുക്കില്ല. അങ്ങനെയിരിക്കെ ഒരു ദിവസം അവൻെറ വലയിൽ ഒരു മീൻ കുടുങ്ങി അത് സ്വർണ്ണ നിറത്തിലുള്ള മീനായിരുന്നു. അത് അവനോട് പറഞ്ഞു " നീ എന്നെ വിട്ടേക്ക് അങ്ങനെ ചെയ്താൽ ഞാൻ നിൻെറ അഗ്രഹങ്ങൾ സാധിച്ചുതരാം ". അങ്ങനെ അവൻ അതിനെ ഒഴിക്കിവിട്ടു . വീട്ടിൽ ചെന്നപ്പോൾ അവൻ കാര്യങ്ങൾ ഭാര്യയോട് പറഞ്ഞു . ഭാര്യ പറഞ്ഞു നീ

എന്തിനാണ് അതിനെ ഒഴുക്കിവിട്ടത് . നീ അതിനോട് പറയു എനിക്ക് ഒരു മനോഹര കൊട്ടാരത്തിൽ രാണിയാവണം . അങ്ങനെ അവൻ പറഞ്ഞു മീൻ അത് സാധിച്ചുകൊടുത്തു . അങ്ങനെ അവൾ എല്ലാ രാത്രിയിലും ചിന്തിക്കും അതെല്ലാം മീൻ സാധിച്ചു കൊടുത്തു . അവസാനം അവർക്ക് ഒന്നുമില്ലാതെയായി . ഇതിൻെറ ഗുണപാഠം : അത്യാഗ്രഹം ആപത്ത് .

ഫർസാന
5 ബി

# കോമൻ കുഴിയിൽ

മഹാ സൂത്രക്കാരനാണ് കൊക്കൻ എന്ന കുറുക്കൻ . ഒരു ദിവസം അവൻ കാട്ടിലൂടെ തീറ്റ തേടി നടക്കുമ്പോൾ ഒരു കിണറ്റിൽ വീണു,
" പ്ധും !" 'ഹയ്യോ! ഇനിയെങ്ങനെ മുകളിലെത്തും ? കൊക്കൻ ആകെ വിഷമിച്ച് പോയി . കിണറ്റിൽ നിന്നും കയറാനായി അവൻ ചാടിനോക്കി . എത്ര കുതിച്ച് ചാടിയിട്ടും കൊക്കന് കരയ്ക്ക് കയറാൻ പറ്റിയില്ല . അപ്പോഴാണ് അടുത്തു എവിടെയോ നിന്ന് ബ്രേ............ എന്ന് ആരോ ഉറക്കെ കരയുന്നത്  കേട്ടത്. " കൊമൻ കഴുതയുടെ കരച്ചിലാണല്ലോ അത് അവനെ വിളിക്കാം " . കൊക്കൻ ഉറക്കെ കരയാൻ തുടങ്ങി . കരച്ചിൽ കേട്ട് കോമൻ അവിടേക്ക് എത്തി . കുഴിയിൽ വീണു കിടക്കുന്ന കൊക്കനെ നോക്കി അവൻ കളിയാക്കി ചിരിക്കാൻ തുടങ്ങി . "കൊക്കൻ

കുഴിയിൽ വീണേ! ഹ! ഹ! ഹ! " . അതുകേട്ട് കൊക്കൻ പറഞ്ഞു . " എടാ മണ്ടാ ഇതാണ് തേൻ കിണർ ഇതിലെ തേൻ കുടിക്കാൻ ഇറങ്ങിയതാണ് ഞാൻ ഹാ! എന്തു രുചി ! നീയും വേണമെങ്കിൽ കുറച്ച് തേൻ കുടിച്ചോളൂ . ഹി.. ഹി.. ! പക്ഷേ കുറച്ചേ കുടിക്കാവൂ ". അതു കേൾക്കേണ്ട താമസം കോമൻ കുഴിയിലേക്ക് ഒറ്റച്ചാട്ടം! കിട്ടിയ തക്കത്തിന് കൊക്കൻ ഉടനെ കോമൻെറ പുറത്ത് ചവിട്ടി കുഴിയിൽ നിന്ന് പുറത്തേക്ക് ചാടി . എന്നിട്ട് ഒറ്റയോട്ടം . അപ്പോഴാണ് കൊക്കൻ കുറുക്കൻ പറ്റിച്ചതാണെന്ന് കോമന് മനസ്സിലായത് . വെറുതെ കൊക്കനെ കളിയാക്കിയതാണ് കുഴപ്പമായതെന്ന് കോമന് മനസ്സിലായി . കുറേ നേരം കുഴിയിൽ കിടന്ന കോമനെ ഒടുവിൽ കൂട്ടുകാർ വന്ന് രക്ഷിച്ചു.

നസ്വ നാസർ

## <u>ചെറുതുള്ളികൾ</u>

ചെറുതുള്ളികൾ ചേർന്നതന്നെയീ
കരകാണാതൊഴുമാഴിയായതും
തരി മണ്ണുകൾ തന്നെ ചേർന്നു നാം
മരുവും നൽപ്പെഴുമൂഴിയായതും

ചെറുതെങ്കിലുമൻ പെഴുന്ന വാക്കൊരു
വന്നുരുധവമുള്ളിലേകിടും

ചെറുപുഞ്ചിരിതന്നെ ഭൂമിയെ-
പരമാനന്ദ നിവാസമാക്കിടും

ചെറുതന്റെനു നന്മ ചെയ്കകൊ-
ണ്ടൊരു ചേതം വരികില്ലയെങ്കിലും
പരനില്ലുപകാരമെങ്കിലീ-
നരജന്മത്തിനു മാറ്റമറ്റുപോം.

-കുമാരനാശാൻ

അക്ഷര രഞ്ജിത്
5 സി

## വൈക്കം മുഹമ്മദ് ബഷീർ

മലയാള സാഹിത്യത്തിൽ ഒരേയൊരു സുൽത്താനേയുള്ളൂ;സാധാരണക്കാരൻെ്റ ജീവിതത്തെ മലയാള സാഹിത്യത്തോടു ചേർത്തു നിർത്തിയ 'ബേപ്പൂർ സുൽത്താൻ'എന്നറിയപ്പെടുന്ന ശ്രീ.വൈക്കം മുഹമ്മദ് ബഷീർ. 1908 ജനവരി 19 ആം തീയതി തലയോലപ്പറമ്പിൽ ജനിച്ചു.അദ്ദേ്ഹം വായനക്കാരെ ഒരുപോലെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത മഹത് വ്യക്തിത്വമാണ്. സാധാരണക്കാരിൽ സാധാരണക്കാരനായി അറിയപ്പെടാൻ ആഗ്രഹിച്ച അദ്ദേ്ഹം ഒരു പച്ച നാട്ടുമനുഷ്യൻ മാത്രമായിരുന്നില്ല,മറിച്ച് തൻെ്റ കഥയിലും കഥാപാത്രങ്ങളിലും ഗ്രാമീണമായ തനതുശൈലി

പിന്തുടരാൻ ശമിച്ച പതിഭാധനൻ കുടിയായിരുന്ന സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഷ്ടിച്ച അദ്ദേഹത്തിൻെറ ആദ്യകാലരചനകൾ 'ഉജ്ജീവനം' എന്ന പത്രത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളായിരുന്നു. കുഴിയാനയിലും ആടിലും അണ്ഡകോടിയിലും സ്നേഹപ്പൊരുൾ തിരഞ്ഞ സ്നേഹസ്വരൂപനായിരുന്ന അദ്ദേഹം കുറെയധികം വർഷങ്ങൾ ഇന്ത്യയൊട്ടാകെ സഞ്ചാരം നടത്തിയ അദ്ദേഹം വിവിധഭാഷകൾ സ്വായത്തമാക്കി.

പത്മശ്രീ,കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ ലളിതാംബിക അന്തർജനം അവാർഡ്, മുട്ടത്തു വർക്കി അവാർഡ്,വള്ളത്തോൾ പുരസ്കാരം തുടങ്ങിയവ അദ്ദേഹത്തെ തേടിയെത്തിയ ചില അവാർഡുകൾ മാത്രം.

അദ്ദേഹത്തിൻെറ പ്രധാനകൃതികൾ- പ്രേമലേഖനം,ബാല്യകാലസഖി,ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, പാത്തുമ്മായുടെ ആട് ,മതിലുകൾ,മുച്ചീട്ടുകളിക്കാരൻെറ മകൾ,മാന്ത്രിപ്പൂച്ച. നോവൽ-ഭൂമിയുടെ അവകാശികൾ, ഓർമ്മക്കുറിപ്പ്,ആനപ്പൂട എന്നിവകളാണ്.

അദ്ധ്യാപിക

*ബിന്ദു സൂസൻ ജോർജ്*

## *പുലർ കാലം*

പുലർമഞ്ഞു തൂകുന്ന പൊൻപുലർനാളിൽ
പൊൻകിരണങ്ങൾ ഉതിർക്കുന്ന പാരിൽ
ഹരിതാദവർണ്ണങ്ങളുയരുന്ന മണ്ണിൻ
പാലരുവി കളകളം പാടുന്ന നിഴലിൽ
തങ്ക കിരീടം ചൂടിക്കൊണ്ടിന്നു
സുപ്രഭാതം തുകിലുണർത്തുന്നു വീണ്ടും

വെഞ്ചാമരങ്ങളും ആലവട്ടങ്ങളും
ആദിത്യവേനകമ്പടിക്കാരായി
പ്രകൃതീശ്വരി പുഷ്പവൃന്ദങ്ങൾ തൂകു
ദികംബരദേവനോവരവേൽക്കാനണയൂ

## അമ്മയ്ക്ക്  തുല്യമായ് ആരുലകിൽ

ഉദരത്തിൽ ഉരുവായ നാൾമുതൽകേ
എന്നെ കാണാതെ കരുതി അമ്മ
ഉയിർ പോകും വേദനയിലും എനിക്ക്
ഉയിരേകി വാരിപുണർന്ന അമ്മ
കുഞ്ഞിളം ചുണ്ടിൽനിന്നാദ്യം
വിരിയുന്ന തേൻമൊഴിയാകുന്നു അമ്മ
കുഞ്ഞു പാദങ്ങൾ പിച്ചവയ്ക്കുമ്പോൾ
വീഴാതെ തുണയാകുന്നു അമ്മ
നല്ല സഖി,അധ്യാപിക,ഗായിക
നല്ല മാതൃകയാകുന്നു അമ്മ
നന്മയിലൂടെ നേർനഴിയിൽനയിക്കുന്ന
നല്ല വഴികാട്ടിയാകുന്നു അമ്മ
അമ്മയ്ക്ക്  തുല്യമായ് ആരുലകിൽ?
അമ്മയാണിരവും പകലുമെല്ലാം
അമ്മയാണ് എനിക്കെല്ലാമെല്ലാം
അമ്മയ്ക്ക് തുല്യമായ് ആരുലകിൽ ?

-Jisba Elizabeth Jose

## പാച്ചുവും കീച്ചുവും

ഒരിടത്ത് ഒരിടത്ത് പാച്ചുവും കീച്ചുവും എന്ന രണ്ട് സഹോദരങ്ങൾ ഉണ്ടായിരുന്നു. പാച്ചു നല്ല കുട്ടിയായിരുന്നുപക്ഷെ കീച്ചു

ആരു പറഞ്ഞാലും കേൾക്കില്ലയിരുന്നു.അങ്ങനെയിരിക്കെ ഒരു ദിവസം രാവിലെ അച്ഛനും അമ്മയും ജോലിക്കുപോയപ്പോൾ അവരോട് നിങ്ങൾവീടിനു പുറത്തേയക്ക് ഇറങ്ങരുത് പാച്ചു അതു അനുസരിച്ചു. എന്നാൽ കീച്ചു അതു വകവെച്ചതു പോലുമില്ല.അവൻ പുറത്തേക്കു ഇറങ്ങി ദൂരേയക്ക് പോയി അവൻ പോകുന്ന
വഴിയിൽ കളിക്കുന്ന ഒരുക്കൂട്ടം കുട്ടികളെ കണ്ടു അവൻ
അവരോട് കൂട്ടുക്കൂടി അവരുടെ കൂട്ടത്തിൽ പോയി.
രാത്രിയായി അവൻ ഒരു ഗുഹയിൽ കയറി അവിടെ
ഉണ്ടായിരുന്ന സിംഹം അവനെ കടിച്ചു കീറി.

പ്രിയകൂട്ടുകാരെ മാതാപിതാക്കൾ പറയുന്നത് അനുസരിക്കണം.

ആസ്യാ

5 B

## കുസൃതി ചോദ്യങ്ങൾ

.കണ്ണുള്ളവർക്കും കണ്ണില്ലത്തവർക്കും ഒരുപോലെ കാണാൻ

കഴിയുന്നത് എന്ത്?

ഉത്തരം: സ്വപ്നം

.ധാരാളം പല്ലുണ്ടായിട്ടും ഒരിക്കൽ പോലും ഭക്ഷണം കഴിക്കുകയോ

കടിക്കുകയോ ചെയ്തിട്ടില്ലാത്തതാര്?

ഉത്തരം:ചീപ്പ്

.ചെരുപ്പിൽ കൂടി കാണാൻ കഴിയുന്ന മാനം?

ഉത്തരം : തേയ്മാനം

.ഒരിക്കലും പഴുക്കാത്ത പഴം?

ഉത്തരം : ആലിപ്പഴം

.വിശക്കുന്ന രാജ്യം?

ഉത്തരം : ഹംഗറി

.മലയാളികൾക്കു പ്രിയപ്പെട്ട വേലി?

ഉത്തരം :മാവേലി

തറയ്ക്കാൻ പറ്റാത്ത ആണി ഏത്?

ഉത്തരം : ബിരിയാണി

.പട്ടിക്ക് ഇഷ്ടപ്പെട്ട ഇംഗ്ലീഷ് അക്ഷരം ഏത്?

ഉത്തരം : L

ഐശ്വരിയ.കെ.വി
5 A

## മോട്ടുവിന്റെ കള്ളത്തരം

ഒരിടത്ത് നാഥു എന്ന പേരുള്ള ഒരു കച്ചവടക്കാരനുണ്ടായിരുന്നു. ഒരിക്കൽ അയാൾക്ക് കച്ചവടത്തിൽ വലിയ നഷ്ടമുണ്ടയി. മറ്റെതെങ്കിലും നട്ടിൽപോയി പുതിയതായി കച്ചവടം തുടങ്ങാം. നാഥു യാത്രയ്ക്ക് തയ്യാറായി. പോകും മുൻപ് നാഥു സുഹൃത്തായ മോട്ടുവിനടുത്തെത്തി പക്കലുള്ള ഇരുമ്പ് ത്രാസ് മോട്ടുവിന് നൽകി. ചങ്ങാതീ ഇത് ഞാൻ മടങ്ങിവരുമ്പോൾ തിരികെ നൽകണം. അയാൾ മോട്ടുവുനോട് പറഞ്ഞു. കുറച്ച നാൾ കഴിഞ്ഞതും വലിയ പണക്കാരനായി നാഥു നാട്ടിലേക്ക് മടങ്ങിയെത്തി. അപ്പോഴേക്കും മോട്ടുവിനും വലിയ കച്ചവടക്കാരനായി മാറിയിരുന്നു .'ഹേയ് മോട്ടു ,എന്റെ ത്രാസ് ഇനി തിരികെ തന്നോളൂ' നാഥു ആവശ്യപ്പെട്ടു. പക്ഷെ സൂത്രക്കാരനായ മോട്ടു അത് തയ്യാറായില്ല.ചങ്ങാതി നിന്റെ ത്രാസ് എലി കരണ്ടുതിന്നു. അയാൾ കള്ളം പറഞ്ഞു മോട്ടു പറഞ്ഞത് കള്ളമാണെന്ന് നാഥുവിന് മനസ്സിലായി.എങ്കിൽ ഞാൻ കൊണ്ടുവന്ന ഒരു സമ്മാനം കൊണ്ടുവരാൻ നിന്റെ മകനെ എനിക്ക് ഒപ്പം അയയ്ക്കാമോ? നാഥു ചോദിച്ചു. അത് കേട്ട് മോട്ടു സന്തോഷത്തോടെ മകനെ അയാൾക്കൊപ്പം അയച്ചു. മോട്ടുവിന്റെ മകനെ നാഥു ഒരു ഗുഹയിലിട്ടടച്ചു. മകനെ കാണാതായതും മോട്ടു അന്വേഷിച്ചെത്തി. കുട്ടിയെ ഒരു പരന്ത് റാഞ്ചി കൊണ്ടു പോയി നാഥു മോട്ടുവിനോട് പറഞ്ഞു. വിശ്വാസം തോന്നാത്ത മോട്ടുവും നാഥു തമ്മിൽ വഴക്കായി.അവർ പരാതിയുമായി ഗ്രാമസഭയിലെത്തി. എന്റെ ഇരുമ്പ് ത്രാസ് എലികരണ്ടുവെങ്കിൽ മോട്ടുവിന്റെ മകനെ പരുന്ത് കൊണ്ടുപോയിട്ടുമുണ്ട്. നാഥു ഗ്രാമത്തലവനോട് പറഞ്ഞു. അതോടെ മോട്ടുവിന്റെ കള്ളത്തരം പുറത്തായി.അയാൾ നാഥുവിന്റെ ത്രാസ് തിരികെ നൽകി മാപ്പു പറഞ്ഞു.

ആർഷ.എസ്.പ്രകാശ്    5 B

# കരടിയുടെ കുസൃതി



മഹാകൊതിയനായിരുന്നു ശൂപ്പു എന്ന കരടിക്കുട്ടൻ . ശൂപ്പു ഒരു ദിവസം ടിമ്പു എന്ന ആനയുടെ കരിമ്പിൻ തോട്ടം കണ്ടു. "തോട്ടത്തിൽ കയറി കുറേ കരിമ്പു തിന്നാം ".അവൻ വിചാരിച്ചു. പക്ഷേ, എങ്ങനെ അകത്തു കടക്കും ചുറ്റും വേലി കെട്ടിയിരിക്കുകയാണ്. ശൂപ്പു തോട്ടത്തിനു ചുറ്റും നടന്നു നോക്കി. അപ്പോൾ അതാ വേലിയുടെ ഇടയ്ക്ക് ഒരു ദ്വാരം!. ഈ വഴി അകത്തു കടക്കാം . അവൻ വിചാരിച്ചു. ശൂപ്പു അതുവഴി അകത്തു കടന്ന് വയറു നിറയെ കരിമ്പു തിന്നു. എന്നിട്ട് ആ വഴി തന്നെ ഇറങ്ങിപ്പോയി. ശൂപ്പു തോട്ടത്തിൽ നിന്നു കരിമ്പു തിന്നുന്നത് ഒരു പതിവാക്കി. ആരോ കരിമ്പു മോഷ്ടിക്കുന്നുണ്ടെന്ന കാര്യം വൈകാതെ ടിമ്പുവിനു മനസ്സിലായി. ഒരു ദിവസം രാത്രിയിൽ ശൂപ്പു കരിമ്പു തിന്നാനായി തോട്ടത്തിലെത്തി. അവൻ വേലിയിലെ ദ്വാരത്തിലൂടെ അകത്തു കടന്നു. പക്ഷേ, തൊട്ടു പിന്നാലെ തോട്ടത്തിനു കാവൽ നിൽക്കാനായി ടിമ്പു എത്തി. " ഇന്നു രാത്രി ഇവിടെ കിടന്നുറങ്ങാം " . ടിമ്പു വിചാരിച്ചു. ടിമ്പു കിടന്നത് വേലിയിലെ ദ്വാരത്തിൻെറ മുമ്പിലാണ്. കരിമ്പു തിന്ന് തിരിച്ചു പോകാനൊരുങ്ങുമ്പോഴാണ് ശൂപ്പു ടിമ്പുവിനെ കണ്ടത് . അയ്യോ!. ഇനി എങ്ങനെ പുറത്തു കടക്കും ?. ടിമ്പു കണ്ടാൽ എൻെറ കഥ കഴിക്കും ശൂപ്പു പേടിച്ചു പോയി. അവൻ രാത്രി മുഴുവൻ പേടിച്ചു വിറച്ച് തോട്ടത്തിൽ കിടന്നു. പിറ്റേന്ന് ടിമ്പു എഴുന്നേറ്റു പോയപ്പോഴാണ് ശൂപ്പുവിന് പുറത്തു കടക്കാൻ കഴിഞ്ഞത് പക്ഷേ, അതോടെ അവൻ ഒരു പാഠം പഠിച്ചു. പിന്നീടൊരിക്കലും അവൻ മറ്റൊരാളുടെയും സാധാനങ്ങൾ മോഷ്ടിച്ചില്ല.

ടിസ്സാൻ
5B

# കണ്ണുകളും കാതുകളും

സത്യം അറിയുവാൻ നമ്മെ സഹായിക്കുന്ന ദൈവദാനമായ രണ്ട് അവയവങ്ങളാണ് കണ്ണുകളും കാതുകളും . ഇവ തന്നെയാണ് നല്ലതിനെയും ചീത്തയെയും വേർതിരിച്ചറിയുവാൻ നമ്മെ സഹായിക്കുന്നത്. എന്നാൽ കണ്ണുകാണാത്തവരുടെയും കാതുകേൾക്കാത്തവരുടെയും വേദനകൾ അറിയുവാൻ നമ്മുടെ കണ്ണുകളെയും കാതുകളെയും തുറക്കേണ്ടതുണ്ട്. കണ്ണുകളും കാതുകളും സത്യവും അസത്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു ദിവസം അക്ബർ ചക്രവർത്തി സദസ്സിൽ ഒരു ചോദ്യം ചോദിച്ചു:" സത്യത്തിനും അസത്യത്തിനും ഇടയ്ക്കുള്ള ദൂരം എത്രയാണ് ? " സദസ്സിലുള്ളവർ അന്തം വിട്ടു നിൽക്കേ ബീർബൽ എഴുന്നേറ്റു പറഞ്ഞു : " നമ്മുടെ കണ്ണിൽ നിന്ന് ചെവിയിലേക്കുള്ള ദൂരമേ സത്യവും അസത്യവും തമ്മിലുള്ളൂ ". ചക്രവർത്തിക്ക് അത്ഭുതമായി . ഇതെന്തു കഥ. അപ്പോൾ ബീർബൽ വിശദീകരിച്ചു . " നാം കണ്ണുകൊണ്ട് കാണുന്നത് സത്യമായിരിക്കും ; പക്ഷെ കാതുകൊണ്ട് കേൾക്കുന്നത് മുഴുവൻ സത്യമാകണമെന്നില്ല ". നല്ലതിനായും നന്മക്കായും മറ്റുള്ളവയെ കാണുവാനും അവരുടെ ബുദ്ധിമുട്ടുകൾ അറിയുവാനും നമ്മുടെ കണ്ണുകളും കാതുകളും തുറക്കുവാനും ഇടയാവട്ടെ.

അലീനാ ജോൺ
7A

## കടംകഥകൾ

1. എഴുത്തുണ്ട് പുസ്തകമല്ല. ചിത്രമുണ്ട് ചുമരല്ല. വട്ടത്തിലാണ് ചക്രമല്ല ?

ഉത്തരം :നാണയം

2. അകത്തുനിന്ന് നോക്കി കാണും കണ്ടതെല്ലാം ഉള്ളിലാക്കും ?

ഉത്തരം: ക്യാമറ

3. വട്ടത്തിൽ ചവിട്ടുമ്പോൾ നിളത്തിലോടും ?

ഉത്തരം: സൈക്കിൾ

4. എന്നെ കൊല്ലുന്നവൻ കരയും ?

ഉത്തരം: ഉള്ളി

5. വലിയ പറമ്പിൽ ചെറിയ വെള്ളിത്തളിക ?

ഉത്തരം: ചന്ദ്രൻ

6. സൂചിക്കാലിൽ വട്ടം തിരിയും മൊട്ടത്തലയൻ കുട്ടപ്പൻ ?

ഉത്തരം: പമ്പരം

7. തോളിൽ തൂങ്ങി തല്ലുകൊള്ളി ?

ഉത്തരം: ചെണ്ട

8. വാലില്ലാത്തമ്മ്ക്ക് വാലുള്ള മക്കൾ ?

ഉത്തരം: തവളക്കുഞ്ഞുങ്ങൾ

9. കറിയ്ക്കു മുമ്പൻ ഇലയ്ക്ക് പിമ്പൻ ?

ഉത്തരം: കറിവേപ്പില

നിലാവ് മോൾ

10 എ

## ഒരു പിതാവിൻെറ സ്നേഹം

ഇന്ത്യയിലെ ഒരു കൊച്ചു കേരളത്തിൽ ഒരു കുടുബം ഉണ്ടായിരുന്നു. ആ കുടുബം ഒരു യാത്രചെയുന്ന വഴി ലോറിവന്നു കാറിനിടിച്ചു. കാർ തെറിച്ചുവീണത് അടുത്തുള്ള ഒരു റെയിൽവേ സേറ്റഷനിലാണ് .കാർ തെറിച്ചുവീണ സമയത്ത് അമ്മയും മകനും റോഡിൽ വീണു. പിതാവു മരിച്ചു. ആ കുട്ടിക്കു പത്തു വയസ്സ് മാത്രമെയുള്ളു.

സ്കൂളിൽ ഒരു ഫാൻസിഡ്രസ് ഉണ്ടായിരുന്നു. അതിൽ ആ കുട്ടി ഉണ്ടായിരുന്നു. ആ കുട്ടിക്ക് പിതാവിൻെറ സനേഹം കിട്ടാത്തതിനാൽ ആ കുട്ടി പിതാവിൻെറ വേഷം ധരിച്ചു. ഒന്നാം സ്ഥാനം കൈക്കലക്കി. അന്ന് ആ കുട്ടി നല്ലതുപോലെ ഉറങ്ങിയില്ല .കാരണം ഒരു കുട്ടിക്ക് മാതാവിൻെറയും പിതാവിൻെറയും സ്നേഹം കിട്ടണം അത്


അവനില്ല. ഇതിനാൽ അവൻ എന്നും രാത്രിയിൽ കരയും.

ഇതാണ് ഒരു പിതാവില്ലാത്തതിൻെറ വിഷമം നമ്മുക്ക് പിതാവും മാതാവും ഉണ്ട് അതിനാൽ നമ്മൾ എല്ലാം തികഞ്ഞവരാണ്.

പത്മപ്രിയ

8c

## ഗാന്ധിയൻ ക്വിസ്



- മഹാത്മാ ഗാന്ധി ജനിച്ചത് എന്ന് ?
  1869 ഒക്ടോബർ 2
- മഹാത്മ ഗാന്ധിയുടെ ജന്മസ്ഥലം?
  ഗുജറാത്തിലെ പോർബന്തർ
- മഹത്മ ഗാന്ധിയുടെ മാതാവ്?
  പുത്തലീഭായ്
- മഹാത്മ ഗാന്ധിയുടെ പിതാവ്?
  ഭിവൻ കരംല ചന്ദ്
- മഹാത്മ ഗാന്ധിയുടെ പത്നി?
  കസ്തൂർബാ ഗാന്ധി
- ഗാന്ധിജി ജനിച്ച വീട് അറിയപ്പെടുന്ന പേര്?

കീർത്തി മന്ദിർ

- ഗാന്ധിജിയുടെ മുഴുവൻ പേര്?
  മോഹൻദാസ് കരംചന്ദ് ഗാന്ധി
- ഗാന്ധിജി അഹമ്മദാബാദിജ ആരംഭിച്ച ആശ്രമം?
  സബർമതി
- ഗാന്ധിജിയുടെ ആത്മകഥ?
  എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ?
- ഗാന്ധിജിയുടെ ആത്മകഥ എഴുതിയ ഭാഷ?
  ഗുജറാത്തി
- ഗാന്ധിജിയുടെ ഘാനകൻ?
  നാഥുറാം ഗോഡ്സെ
- ഗാന്ധിജി അവസാനമായി ഉച്ചരിച്ച വാക്ക്?
  ഹേ റാം

ഗാന്ധിജിയുടെ സമാധി സ്ഥലം?

ശ്രേയ സുനീഷ്

5C

# വിദ്യാർത്ഥികളിലെ  അച്ചടക്കം

ഇവിടെ എത്തിച്ചേർന്ന എല്ലാ കുട്ടികൾക്കും മാതാപിതാകൾക്കും എൻെറ വീനിതമായ നമസ്കാരം. ഞാൻ എൻെറ കർത്തവ്യത്തിലേക്ക്കടക്കട്ടെ. ഇപ്പോഴത്തെകുട്ടികൾ ഫെയ്സ് ബുക്കും, വാട്സ് അപ്പ് ,ബ്ലൂവെയിൽ എന്നിങ്ങനെ പലതരത്തിലുള്ള വയറസുകൾ ഉണ്ട് അതൊന്നും കുട്ടികൾക്ക് ആവശ്യം ഇല്ലാത്താണ്. എന്നാൽ ഇപ്പോഴത്തെ മാതാപിതാക്കൾ ജോലിക്ക് പോകുമ്പോൾ കുട്ടികൾക്ക് ഇത് വാങ്ങിച്ചുകൊടുക്കും. അങ്ങനെ നിങ്ങൾ ചെയ്യ്താൽ കുട്ടികളുടെ അച്ചടക്കത്തിന്

കോട്ടതട്ടും. ഇന്നാൾ ഒരു കോളെജിൽ ഹെഡ്മിസ്ട്രറിനെ
പൂട്ടിയിട്ടു. ഇതുക്കൊണ്ടാണ് ഞാൻ പറയുന്നത് കുട്ടികളെ
മാതാപിതാക്കൾ ശ്രദ്ധിക്കണം ഇല്ലെങ്കിൽ മയക്കു മരുന്നിങ്ങനെ
ലഹരി എന്നിങ്ങനെ പല അപകടം പിടിച്ച കാര്യങ്ങൾ
കുട്ടികൾ ചെല്ലും. അവരുടെ അച്ചടക്കത്തിനും പഠനത്തിനും
അത് ദോഷകരം ആണ്. ഇത്രയും നേരം ഞാൻ പറഞ്ഞത്
കേൾക്കാൻ സൽമനസ്സ് കാണിച്ചതിന് നന്ദി നമസ്കാരം

പത്മപ്രിയ
8c

## മഹത് വചനങ്ങൾ

1. ഈശ്വരനും ഗുരുവു ഒരേസമയം എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടാൽ ആരെയാണ് ഞാൻ ആദ്യം നമസ്കരിക്കുക?ഗുരുവിനെത്തന്നെ. കാരണം ഗുരുവാണ് എനിക്ക് ഈശ്വനെക്കുറിച്ച് പറഞ്ഞുതന്നത്

-മഹാത്മാ കബിർദാസ്

2. അറിവ് ശക്തിയാണ്

-ബേക്കൺ

3. അറിവാണ് ലോകത്തിലെ ഏക നന്മ

-സോക്രട്ടീസ്

4. അറിവുള്ളവൻ എല്ലാം ഉള്ളവരാണ്. അറിവില്ലാത്തവർ എന്തുണ്ടെങ്കിലും ഒന്നും ഇല്ലാത്തവരാണ്.

- തിരുക്കുറൾ

5.അറിവിലെക്കാൾ പ്രധാനം ചിന്താശക്തിയാണ്.

-ഐൻസ്റ്റീൻ

6.യാഥാർഥ്യത്തെക്കാൾ പ്രധാനം ചിന്തായാണ്.

-കോൾമെന്നിംഗ്

7.ചിന്തയാണ് മനുഷ്യരാശിയെ നിയന്ത്രിച്ച പോരുന്നത്.

-നെപ്പോളിയൻ

8.കാര്യങ്ങളെ നന്മയോ തിന്മയോ ആക്കുന്നത് ചിന്തകളാണ്.

9. അജ്ഞനയാണ് ലോകത്തിന്റെ ഏക തിന്മ.

-സോക്രട്ടീസ്

10. “ അറിവില്ലാത്തവൻ " എന്ന് അറിയാത്തവൻ ഭോഷൻ. അവനെ ഉപേക്ഷിക്കുക. “അറിവുള്ളവൻ"എന്നു അറിയാത്തവൻ ഉറങ്ങുകയ്ണ്. അവനെ ഉണർത്തുക. “അറിവില്ലാവൻ" എന്ന് അറിവുള്ളവൻ ജ്ഞാനി അവനെ പിൻതുടരുക

-ശേഖനാദി

11. എനിക്ക് എന്നെ സംബന്ധിച്ച് ആകെ അറിയാവുന്നത് എനിക്കൊന്നും അറിയില്ലന്നാണ് -സോക്രട്ടീസ്

12. വലിയ ആശകളാണ് മനുഷ്യനെ സൃഷ്ടിക്കുന്നത്.

-തോമസ് ഫുള്ളർ

13. നിങ്ങൾക്കൊരു സ്വപ്നം കാണാൻ കഴിയുമെങ്കിൽ നിങ്ങൾക്കത് ചെയ്യാൻ കഴിയും

-വാൾട്ട് ഡിസ്നി

14. വായന മനുഷ്യനെ പൂർണനാക്കുന്നു

-ഫ്രാൻസ് ബേക്കൺ

15. വളരെയധികം ചിന്തിക്കുക കുറച്ചു മാത്രം സംസാരിക്കുക അതിലും കുറച്ച് എഴുതുക . കാരണം എഴുതുന്നത് പല തലമുറകളോളം രേഖയായിരിക്കും

-ഏബ്രഹാം ലിങ്കൺ

16. വേണ്ടസമയത്ത് വേണ്ടതു പറയുന്നത് പോലെ വേണ്ടാത്തത് അനവസരത്തിൽ പറയാതിരിക്കുകയും
വേണം

-ഡെറോത്തി നെവിൽ

17 . പുറകാണിക്കുന്നതിലേറെ ഉള്ളിൽ സൂക്ഷിക്കുക

അറിയാവുന്നതിനെക്കാൾ കുറച്ചു മാത്രം സംസാരിക്കുക

-ഷേക്സ്പിയർ

18. അജ്ഞത ദൗർഭാഗ്യത്തിന്റെ ആരംഭമാകുന്നു

-പ്ലേറ്റോ

19. പഠിക്കുന്തോറും നമ്മുടെ അജ്ഞത നമുക്കു മനസ്സിലാകുന്നു

-പി.ബി ഷെല്ലി

20. വറ്റിയ ഒരു കിണർ കാണുമ്പോഴാണ് വെള്ളത്തിന്റെ വിലയെത്രയെന്ന് ബോധ്യമാകുന്നത്

-ബെഞ്ചമിൻ ഫ്രാങ്ക്ളിൻ

21. അജ്ഞാനമാണ് നമ്മുടെ ഏറ്റവും വലിയ ശത്രു

-ചാണക്യൻ

22. അജ്ഞാനിയായിട്ടിരിക്കുക എന്നതിൽ അസാധാരണത്വം ഒന്നുമില്ല. എന്നാൽ തന്നെതന്നെ അജ്ഞാനിയെന്നത് അസാധാരണത്വം തന്നെ.

-ഡോ.രാധാകൃഷ്ണൻ

23.ഫലം കാംക്ഷിക്കുന്നവർ മരം കയറണം

- പഴമൊഴി

24. വിദ്യാർഥികളെ നമ്മുടെ രാഷ്ട്രത്തിന്റെ ഭാവി നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നു

-ഗാന്ധിജി

25. വിദ്യാഥിയുടെ ലബോറട്ടറിയും വർക്ക്ഷോപ്പുമാണ്
സംഭാഷണം

-എമേഴ്സൺ

26. സംഭാഷണം മനുഷ്യസ്വഭാവത്തെ ചെത്തിമിനുക്കുന്നു

-മൊണ്ടെയിൻ

27. വായിച്ചാലും വളരും, വായിച്ചില്ലെങ്കിലും വളരും,
വായിച്ചുവളർന്നാൽ വിളയും, വായിക്കാതെ വളർന്നാൽ വളയും

-കുഞ്ഞുണ്ണിമാഷ്

28.വിനയമാണ് യഥാർഥ വിജ്ഞാനത്തിന്റെ ഫലം

-ഡോ. രാധാകൃഷ്ണൻ

29. വിജയത്തിലേയ്ക്കുള്ള ആദ്യകാൽവയ്പ്പാണ് പരാജയം

- മെൽഡൺ ഫിലിപ്പ്സ്

30. വിദ്യാഭ്യാസത്തിലൂടെ മാത്രമേ മനുഷ്യന് ഉയരാനാവൂ

- ബി. ആർ. അംബേദ്കർ

31.വിദ്യാഭ്യാസത്തിന്റെ വേരുകൾ കയ്പുനിറഞ്ഞവയും പഴങ്ങൾ മധുരമുള്ളവയുമായിരിക്കും

-അരിസ്റ്റോട്ടിൽ

32.വിദ്യാഭ്യാസമാണ് ദേശീയബോധത്തിന്റെ ഉറവിടം

- ഡോ. രാധാകൃഷ്ണൻ

33. വിദ്യാഭ്യാസം കൊണ്ട് ഒരാൾക്ക് തൃപ്തി നേടാനാകുന്നത് തന്നത്താൻ മനസ്സിലാക്കുമ്പോൾ
മാത്രമാണ്.

- മാർക്കസ് സിസ്സറോ

34.വിജയം ഒരു വഴിക്കേ നേടാനാകൂ. പരാജയപ്പെടാൻ
ഒരുപാടു വഴികളുണ്ട്

-അരിസ്റ്റോട്ടിൽ

35. വിജയം അന്ത്യം വരെ പിടിച്ചു നിൽക്കുന്നവർക്കുള്ള-
താണ്.

ഹന്ന മെറിൻ തങ്കച്ചൻ
8A

# പഴഞ്ചൊല്ലുകൾ

- അകത്തിട്ടാൽ പുറത്തറിയാം.
- അകത്തു കത്തിയും പുറത്തു പത്തിയും.
- അകപ്പെട്ടവന് അഷ്ടമരാശി,ഓടിപ്പോയവനു ഓമ്പതാമെടത്തു വ്യാഴം.
- അകപ്പെട്ടാൽ പന്നിചുരക്കായ്ക്കാ.
- അകലെ കൊള്ളാത്തവൻ അടുക്കൽ. കൊള്ളുകയില്ലാ.
- അകലെ പോന്നവനെ അരികെ വിളിച്ചാൽ അരിക്കാത്തുട്ടു ചേതം.
- അക്കൗശലലക്ഷണം സാധന ദൂഷ്യം
- അകരെ നിന്നവൻ തോണി ഉരുട്ടി.
- അകരെ നിൽകുന്ന പട്ടർ തോണിമുക്കി അക്കരെ മാവിലോൻ കെണ്ണുമിഴിക്കുന്നു. അക്കരെ നിൽക്കുമ്പോൾ ഇക്കരെ പച്ച, ഇക്കരെ നിൽക്കുമ്പോൾ അക്കരെ പച്ച.

അലീന റേച്ചൽ സജി

5 ബി.

# കാട്ടിലെ കൂട്ടുകാർ

ഒരിക്കൽ ഒരു കാട്ടിൽ കുറെ മൃഗങ്ങൾ ഉണ്ടായിരുന്നു.അവർ എല്ലാവരും രണ്ടായി തിരിഞ്ഞത് കാട്ടിലെ രാജാവായ സിംഹം പറഞ്ഞിട്ടാണ്. ജിറഫ്, ആന, കുറുക്കൻ, മാൻ, കഴുത ഇവയെലാം ഒരു ഗ്രൂപ്പ്. പുലി, കരടി, പന്നി,ചെന്നായ്,കുരങ്ങൻ, ഇവയും ഒരു ഗ്രുപ്പ്.

ഒരു ദിവസം ആദ്യത്തെ ഗ്രുപ്പിലെ മാൻ വെരുതെ നടക്കുകയായിരുന്നു. രണ്ടാമത്തെ ഗ്രൂപ്പിന്റെ ലക്ഷ്യം ആദ്യത്തെ ഗ്രുപ്പിലെ ആരെയെങ്കിലും പിടിക്കാം എന്നായിരുന്നു. അങ്ങനെ ഈ മാൻ വെറുതെ കാട്ടിലെ കാഴ്ച കാണാൻ ചുറ്റുകയായിരുന്നു. അത് രണ്ടാമത്തെ ഗ്രുപ്പിലെ പുലി കണ്ടു. അവൻ ഓടിച്ചെന്ന് മാനിനെ പിടിച്ചു. മാൻ നിലവിളിച്ചു. പക്ഷ, മാൻ ഒരു സൂത്രക്കാരനായിരുന്നു. അവൻ പുലിയോട് പറഞ്ഞു.
"നീ എന്റെ കൂടെ വന്നാൽ ഞാൻ നിനക്ക് എന്റെ ഇറച്ചി തരാം". മണ്ടൻ പുലി അത് വിശ്വസിച്ചു. മാനിന്റെ കൂടെ യാത്രയായി. അവർ അങ്ങനെ ഒരു പൊട്ടക്കിണറ്റിന്റെ അടുത്തെത്തി. ഉടനെ മാൻ പുലിയെ പിറക്കിൽ നിന്നും തത്തള്ളി താഴെയിട്ടു. മാൻ ആ പൊട്ടക്കിൽ വീണു. പിന്നെ ആരും അവനെ രക്ഷിക്കാൻ വന്നില്ലാ.

ആസ്ന അൻസ.

## ഇലകളുടെ താളം

'ഇലകളുടെ താളം' എന്നു പറഞ്ഞാൽ
ഇലയുടെ സന്തോഷവും സ്നേഹവും നിറയുമ്പോൾ ആണ്
അത് കാറ്റിൽ ചിരിക്കുന്നത്.ഇല ചിരിക്കുന്നത്
ആരും കണ്ടിട്ടില്ല. പക്ഷെ ഞാൻ കണ്ടിട്ടുണ്ട് . ഒരു കാറ്റ്
വരുംമ്പോൾ ഇലയെ ഒന്ന് സൂക്ഷിച്ചുനോക്കണം അപ്പോൾ
കാറ്റത്ത് ചിരചക്കുന്നത് പോലെ തോന്നും . ഇത് തോന്നലല്ല ഇത്
സത്യമാണ്.ഇലകൾ പണ്ടായിരുന്നു ചിരിച്ചിരുന്നത് ഇപ്പോൾ
കരയുകയാണ്.ദൈവമേ ഞങ്ങളെ തിരിച്ചെടുക്കു എന്ന് പറഞ്ഞ്
അവർ കരയുകയാണ്.ഭൂമിയിൽ ഞങ്ങൾക്ക് വസിക്കേണ്ട
ഞങ്ങളെ ഈ മനുഷ്യർ നശിപ്പിക്കും . ഇത് എന്ത് പാപമാ
ദൈവമേ............ . പക്ഷേ ഞങ്ങൾ ഒരിക്കൽ ഇതിനെല്ലാം
പകരം വിട്ടും അപ്പോൾ ഞങ്ങൾ അനുഭവിക്കുന്ന വേദന ഈ
ഭൂമിയിലെ മനുഷ്യർ അനുഭവിക്കും അപ്പോൾ മനസ്സിലാക്കും
ഭൂമിയിലെ സസ്യയങ്ങളെയും , മൃഗങ്ങളെയും എല്ലാത്തിനെയും
ഈ ഒറ്റ പ്രളയത്തൊടു കൂടി നിങ്ങൾ മനസ്സിലാക്കും. ഇനി ഈ
പ്രളയത്തൊടു കുടി നവ കേരളം നമുക്ക് സൃഷടിക്കാം
.അതിനുവേണ്ടി
പുഴകളും തോടുകളും എല്ലാം നമുക്ക് സൃഷ്ടിക്കാം അതിനുവേണ്ടി

നമുക്ക് പ്ലാസ്റ്റിക്കുകളും മാലിന്യങ്ങളും നിരോധിക്കാം. അങ്ങനെ നമുക്ക് പുതിയ കേരളത്തെ സൃഷ്ടിക്കാം.

കൃഷ്ണേന്ദു
7 ബി

## ഓണാഘോഷം

കേരളത്തിന്റെ ദേശിയോത്സവമാണ് ഓണം.ചിങ്ങമാസത്തിലെ പൊന്നിൻ തിരുവോണനാളിലാണ് മലയാളികൾ ഓണം കൊണ്ടാടുന്നത്.അത്തം നാൾ മുതൽ ആഘോഷങ്ങൾ തുടങ്ങും.തൃക്കാക്കരയപ്പനെ വരവേൽക്കാനായി ഒരുങ്ങുന്ന അത്തപ്പൂക്കളം അത്തം നാളിലാണ് ഇടാൻ തുടങ്ങുക.അന്നുമുതൽ 'പൂവേ പൊലി....' എന്ന പൊലിപ്പാട്ടിൻെ ഈണം നാട്ടിൻപുറങ്ങളിൽ മുഴങ്ങും. ഓണത്തിന്റെ ഏറ്റവും പ്രധാന ചടങ്ങുകൾ ഓണക്കോടിയും ഓണസദ്യയുമാണ്.വിഭവസമൃദ്ധമായ സദ്യയാണ് ഓണത്തിനോരുക്കാറുള്ളത്.ഇത് കടം വാങ്ങിയായാലും ഉണ്ടാക്കണമെനാന ഉണ്ടാക്കണമെന്ന് മലയാളികൾ കരുതിപ്പോരുന്നു.ഓണാഘോഷത്തിന് കേരളിയ ജീവിതവുമായുള്ള ദൃഢമായ ബന്ധത്തെയാണ് ഇത് കാണിക്കു ന്നത്.

ഓണം കേരളത്തിൽ സമ്മാനിച്ചിട്ടുള്ള കളികളും പാട്ടുക ളും വളരെയേറയാണ്.ഊഞ്ഞാലാട്ടം,ഓണപ്പന്തുകളി,തുമ്പിതുള്ളൽ, ഓണവില്ലുകൊട്ടിപ്പാടൽ ,ഓണപ്പൊട്ടൻ,കുമ്മാട്ടി,കൈകൊട്ടിക്കളി തുടങ്ങിയ കലാരൂപങ്ങൾ ഉദാഹരണങ്ങളാണ്.ഓണപ്പാട്ടുകളിൽ ഏറ്റവും പ്രചാരമുള്ളത് 'മാവേലി നാടു വാണീടും കാലം.....' എന്ന് തുടങ്ങുന്ന പാട്ടി നാണ്.എന്നാൽ ഓണത്തിന്റെ ഉൽപത്തിയെപ്പറ്റി വത്യസ്തമായ അഭിപ്രായങ്ങൾ നിലവിലുണ്ട്.ചിലർ അതിനെ ബുദ്ധിമതവുമായി

ബന്ധപ്പെടുത്തുന്നു.ഇന്ന് അചാരപ്രകാരമുള്ള ഓണാഘോഷമെല്ലാം നിലച്ച മട്ടാണ്.സർക്കാറിന്റെ നേത്രത്വത്തിൽ തലസ്ഥാന നഗരിയിലും മറ്റു പ്രധാന നഗരങ്ങളിലും നടക്കുന്ന സാംസ്കാരികോത്സവമാണ് ഓണഘോഷങ്ങളിൽ പ്രധാനം.പതുക്കെ പതുക്കെ അതൊരു സാംസ്കാരികോത്സവമായി മാറിക്കൊണ്ടിരിക്കുകയാണെന്ന് പലരും അഭിപ്രായപ്പെടുന്നു.എങ്കിലും ഓണനിലാവ്,ഓണവെയിൽ,ഓണപ്പാട്ട്,ഓണക്കളി, ഓണത്തപ്പൻ,ഓണക്കോടി,ഓണസദ്യ,ഓണവില്ല്,ഓണത്തല്ല്,ഓണക്കോസ്റ്റ് തുടങ്ങിയ പദാവലികൾ ഈ ആഘോഷത്തിന്റെ വൈവിധ്യത്തെ ഉദാഹരിച്ചുകോണ്ട് ഇന്നും നിലനിൽക്കുന്നു എന്നതും  മറക്കാൻ കഴിയില്ല.

ആൻ  ജോർജ്ജ്   9 സി

## പ്രകൃതിക്ഷോഭം  വരുത്തിവെയ്ക്കുന്ന വിനാശങ്ങൾ....



പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്.ഭൂകമ്പം,സുനാമി, അഗ്നിപർവത സ്ഫോടനം,വെള്ളപ്പോക്കം,കൊടുംകാറ്റ്,വരൾച്ച തുടങ്ങിയവയാണ് പ്രധാന പ്രകൃതിക്ഷോഭങ്ങൾ.യാതൊരു നിയന്ത്രണവുമില്ലാത്ത പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുന്നതുക്കൊണ്ട് ഇന്ന് പ്രകൃതിക്ഷോഭങ്ങൾ താരതമ്യേന ക്രുടുതലാണ്.ലാത്തൂരിൽ അടുത്തകാലത്തുണ്ടായ ഭൂകമ്പം ഇതിനുദാഹരണമാണ്. ഇന്നത്തെ കാലാവസ്ഥകൾ നോക്കു! പണ്ടോക്കേ വേനലായിരുന്ന കാലത്ത് കാലവർഷം കൊണ്ട് വെള്ളപ്പൊക്കം ഉണ്ടാകുന്ന പതിവും കണ്ടുതുടങ്ങി. ഇങ്ങനെ അനുദിനം കുടിക്കാണ്ടിരിക്കുന്ന പ്രക്രതിക്ഷോഭങ്ങൾ മനുഷ്യയന്റെ ജീവനും സ്വത്തിനും വരുത്തി വയ്ക്കുന്ന നാശ നഷ്ടങ്ങൾ ഭീമമാണ്. നമ്മുടെ നാട്ടിൽ ഏറ്റവും സാധാരണമായുണ്ടാകുന്ന പ്രക്രതിക്ഷോഭങ്ങളാണ് വെളളപ്പൊക്കവും വരൾച്ചയും . വെള്ളപ്പാക്കം കാരണം വൻ തോതിലുളള ക്രഷിനാശം സംഭവിക്കുന്നു. അത് നെല്ല്

കൃഷിക്കു മാത്രമല്ല വാഴ, കപ്പ, തെങ്ങ് എന്നിവയ്ക്കും പച്ചക്കറി കൃഷിക്കും നാശം വിതയ്ക്കുന്നു കെട്ടിടങ്ങൾ തകർന്നു പോകുന്നതാണ് മറ്റൊരു ദുരിതം. ഭീമമായ മണ്ണൊലിപ്പ് ദീർഘകാലം നിലനിൽക്കുന്ന മറ്റൊരു വിപത്താണ്. ആളപായങ്ങൾ വെള്ളപ്പൊക്ക സമയത്തും പിന്നിട്ടും ഉണ്ടാകാറുണ്ട്. പകർച്ചവ്യാധികളിലൂടെയാണ് അപായങ്ങൾ തുടർച്ചയായും സംഭവിക്കുന്നത്. വലിയ വെള്ളപ്പൊക്കം ആഹാരസാധനങ്ങൾ ലഭിക്കുന്നതിന് തടസ്സമാകും.അത് മനുഷ്യരെ മാത്രമല്ല കന്നുകാലികളെയും ഇതര ജീവജാലങ്ങളെയും ബാധിക്കുന്നു.വസൂരി തുടങ്ങിയ മാരക രോഗങ്ങളും പട്ടിണിയുമെല്ലാം കോടുംവേനൽ ക്ഷണിച്ചുവരുത്തുന്ന വിപത്തുകളാണ്.

മോണിക്കാവതി. കെ
9 സി

സാഹിത്യ ക്വിസ്

ചോദ്യങ്ങൾ

1.ജ്ഞാനപീഠം നേടിയ ആദ്യ മലയാളി?

ഉ:ജി.ശങ്കരക്കുറുപ്പ്

2.സരസ്വതി സമ്മാനം നേടിയ ആദ്യ മലയാളി?

ഉ:ബാലാമണിയമ്മ

3.ആരെഴുതിയ കൃതിയാണ് രണ്ടാമൂഴം?

ഉ:എം.ടി.വാസുദേവൻ

4.മാധവിക്കുട്ടിയുടെ ആത്മകഥയേത്?

ഉ:എന്റെ കഥ

5.മലയാള ഭാഷയിലെ ആദ്യത്തെ ആത്മകഥയേത്?

ഉ:ആതമകഥ സംക്ഷേപം

6.തകഴി എഴുതിയ യാത്രാവിവരണം ഏത്?

ഉ:അമേരിക്കൻ തിരശീല

7.കേരളകലാമണ്ഡലം സ്ഥാപിച്ച കവി?

ഉ:വള്ളത്തോൾ നാരായണമേനോൻ

8.ഭക്ത കവി എന്നറിയപ്പെടുന്നതാര്?

ഉ:പൂന്താനം

9.കുഞ്ചൻ നമ്പ്യരുടെ ആദ്യ കൃതി?

ഉ:കല്യണസൗഗന്ധികം

10.മഹാകാവ്യം എഴുതാത്ത മഹാകവി?

ഉ:എൻ.കുമാരനാശാൻ

ഗൗരി നന്ദന

10.ബി

# കേരളത്തിലെ സ്കൂൾ വിദ്യാഭാസം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത

**'എല്ലാവർക്കും വിദ്യാഭാസം' എന്ന ലക്ഷ്യം സാക്ഷാൽക്കരിച്ച ഒരു സംസ്ഥാനമാണ് കേരളം.ജനസംഖ്യയുടെയും സ്കൂളുകളുടെയും എണ്ണം താരതമ്യപ്പെടുത്തുമ്പോൾ കേരളമാണ് ഏറ്റവും മെച്ചപ്പെട്ട അവസ്ഥ കൈവരിച്ചിട്ടുള്ളതെന്നും കാണാം.ഒട്ടുമിക്ക സംസ്ഥാനങ്ങളിലും,ഒരോ വില്ലേജിലും ഒരു സ്കൂൾ എന്ന ലക്ഷ്യം ഇനിയും കൈവരിക്കാനായില്ല.എന്നാൽ കേരളം അത് വളരെ മുമ്പേതന്നെ കൈവരിച്ചുകഴിഞ്ഞു.**

പ്രാഥമിക വിദ്യാഭാസം ഒരു കുട്ടിയുടെ മാനസിക വികാസത്തിലും ഗ്രഹണശേഷി വർധിപ്പിക്കുന്നതിലും ഊന്നൽ നൽകുകയും,സ്കൂൾ വിദ്യാഭ്യാസം അവന് എല്ലാ വിജ്ഞാനത്തെക്കുറിച്ചും പൊതുധാരണ നൽകുകയുമാണ് ചെയ്യേണ്ടത്.എന്നാൽ കളിച്ചു നടക്കേണ്ട പ്രായത്തിൽതന്നെ LKG,UKG കളിൽ അവനെ തളച്ചിട്ട് കാണാപാഠം പഠിപ്പിച്ച്,അവന്റെ സഹജവാസനകളെ തളച്ചിടുന്ന സമ്പ്രദായമാണ് നാമിന്ന് അനുവർത്തിച്ച് വരുന്നത്.

1996 മുതൽ കേരളം നവീനമായ ഒരു പഠനസമ്പ്രദായം ആവിഷ്കരിക്കാനുള്ള ശ്രമത്തിലാണ് ഡി.പി.ഇ.പി യെന്നും സർവശിക്ഷാ അഭയാൻ പദ്ധതിയെന്നും പുതിയ പാഠ്യപദ്ധതിയെന്നും പേരിട്ടു വിളിക്കുന്ന ഈ നൂതന പാഠ്യപദ്ധതി നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിയിട്ട് ഇരുപത്തിരണ്ട് വർഷം കഴിഞ്ഞു.കേരളത്തിന്റെ പുരോഗതിയിൽ ക്രിയാത്മകമായ പരിവർത്തനം കൈവരിക്കണമെങ്കിൽ,വിദ്യഭ്യാസത്തിൽ നൂതനവും കാലികവുമായ പരിഷ്കാരങ്ങൾ വരണം.

അഞ്ജലി സൂസൻ സുരേഷ്
9 സി

# വാർമഴവില്ലേ.....

വാർമഴവില്ലേ വന്നാലും

വാനിൻ മടിയിലിരുന്നാലും

കൺകുളിരുന്നു കാണു

കരൾനോവുന്നു മായു

ആരു നിനക്കി നിറമേകി?

ആരു നിനക്കി നീല നൽകി?

എന്നെക്കൂടി വിളിക്കാമോ?

നിന്നുടെയരികെയിരുത്താമോ?

താഴത്തെക്കു വരുന്നില്ലേ?

തന്നെയിരുന്നാൽ മുഷിയില്ലേ?

ആരു നിനക്കൊരു കഥ പറയാൻ?

ആരുണ്ടവിടെയൊരുമ്മ തരാൻ?

വന്നു കളിപ്പാൻ കൊതി തോന്നും

നിന്നുടെകൂടെയിവനെന്നും

വാർമഴവില്ലെ മായല്ലേ

അഴകിൻ തെല്ല പോകല്ലേ

**ആര്യ മോൾ 5 സി**

## ക്വിസ്

1.ലോകത്തിലെ ഏറ്റവും ആഴം കൂടിയ സമുദ്രം ശാന്ത സമുദ്രമാണല്ലാ? എന്നാൽ ഭൂമിയിൽ ഏറ്റവും ആഴം കൂടിയ പ്രദേശം ഏതാണ്? ഉത്തരം:മരിയാനാ ഗർത്തം.

2.പൂജ്യം ഉപയോഗിക്കാത്ത സംഖ്യാസമ്പ്രദായം?
ഉത്തരം:റോമൻ.

3.പാട്ന നഗരം സ്ഥാപിച്ചതാര്?
ഉത്തരം:ഷേർഷാ.

4.'നിൽക്കാനൊരിടവും ഒരു ഉത്തോലോകവും തന്നാൽ ഞാൻ ഭൂമിയെ അനക്കാം എന്നു പറഞ്ഞതാര്?
ഉത്തരം:ആർക്കിമിഡീസ്.

5.അക്ബറിന്റെ സൈനിക സമ്പ്രദായമേത്?
ഉത്തരം:മൻ സബ്ദാരി.

6.മൗര്യവംശം സ്ഥാപിച്ചതാര്?
ഉത്തരം:ചന്ദ്രഗുപ്ത മൗര്യൻ.

7.ബ്രഹ്മസാമാജം സ്ഥാപിച്ചതാര്?
ഉത്തരം:രാജാ റാം മോഹൻറോയ്.

**മിന്നു ജോയ് ജോൻ.**

# അറിവ്

നൽകുന്തോറും നിറയുന്നൊരറിവ്
അഴമേറുന്നൊരറിവ് ഇരുളകറ്റും വെ-
ളിച്ചംആണറിവ് ഒളിക്കുന്തോറും
തൊളിയുന്നൊരറിവ് സമ്പത്തിനും
മുകളിലാണറിവ് ദാരിദ്ര്യത്തിൻ
കൂടെയുണ്ടറിവ്  സ്നഹമാണറിവ്
മോണകാട്ടും കൈക്കുഞ്ഞാണറിവ്
പുഞ്ചിരിക്കും മുത്തശ്ശിയാണറിവ്
നമ്മെ കാക്കും ഭൂമിയാണറിവ്

Abhirami manoj
**5 B**

## കുസൃതി ചോദ്യങ്ങൾ

1) അടിക്കാൻ പറ്റാത്തവടി - കാവടി

2) അമ്മമാർ കാണാത്തപാത്രം – കഥാപാത്രം

3) അടുക്കളയിൽ ഇല്ലാത്ത പാത്രം - സ്നേഹപാത്രം

4) അടുക്കളയിലെ ഫുട്ബോളറ് - മൈക്കൽ ഓവൻ

5) അളക്കാൻ പറ്റാത്തനാഴി - ഇടനാഴി

6) അമ്പുതൊടുക്കാൽ പറ്റാത്ത വില്ല് - മഴവില്ല്

7) ആനകളുടെ നാട് - ആനാട്

8) ഇന്ത്യയും ഏഷ്യയും ചേർന്നാൽ - ഇന്ത്യാനേഷ്യ

9) ഇരിക്കാൻ പറ്റാത്ത പടി - മറുപടി

10) എപ്പോഴും തലചെറിയുന്നതാര് - കൈ

11) എറ്റവും നിളമുള്ള കര – നിണ്ടകര

12) എറ്റവും വലിയ കണ്ടം – നെടുങ്കണ്ടം

13) ഒരിക്കലും കുടിക്കാത്ത പാൽ - റബർ പാൽ

14) ഒരിക്കലിം പൂക്കാത്ത മാവ് - ആതമാവ്

15) കയാറാൻ പാറ്റാത്ത മരം – സമരം

**16) കൊമ്പുണ്ടെങ്കിലും കുത്താത്തതാര് – മരം**

# മലയാളം

മലയാളം എന്റെ മലയാളം

മലയാളം എന്റെ മലയാളം

അമ്മ തൻ വാത്സല്യം ഏറുന്ന

നമ്മുടെ മലയാളം

കുഞ്ചനും തുഞ്ചനും തഴുകി തലോടിയ

നറുപുഷ്പം എന്റെ മലയാളം

മഴത്തുള്ളികൾ പോലെ

എന്റെ മലയാളം വാണിടും

മലയാളം വേരുകളാകുന്ന മനസ്സികൾ

വാഴുന്ന കേരള ഭുവനമിത്

ചൂടേറ്റു വീഴുന്ന മക്കളാം ഞങ്ങൾക്ക്

എന്നും നീ അമ്മയല്ലേ

അമ്മ പകരുന്ന പുണ്യമല്ലേ

എന്നും അമ്മ പകരുന്ന പുണ്യമല്ലേ

അമ്മ തൻ നമ്മുടെ മലയാളം.

മേഘമോൾ റെജി

**8 സി**

## സൗഹൃദച്ചെപ്പുകൾ

**രണ്ട് മനസ്സുകൾ കൂടിച്ചേരുമ്പോൾ ഉണ്ടാകുന്ന ഒരു ബന്ധമാണ് സൗഹൃദം.നമ്മുടെ മാതാപിതാക്കളോടോ സഹോദരങ്ങളോടോ പറയുവാൻ കഴിയാത്ത ഒട്ടേറെ കാര്യങ്ങൾ നമുക്ക് സുഹൃത്തുക്കളോട് പറയുവാൻ സാധിക്കും.സൗഹൃദം എന്നത് കളങ്കമില്ലാത്തതായിരിക്കണം.ഒരു ഗ്രാമത്തിൽ നിയ എന്ന ഒരു പാവപ്പെട്ട പെൺകുട്ടി ഉണ്ടായിരുന്നു. അവൾക്ക് താങ്ങും തണലുമായി അവളുടെ അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ.അച്ഛനില്ലാത്ത വേദന നിയയ്ക്ക് നൽകിയിരുന്നില്ല.അവർ സന്തോഷത്തോടെയായിരുന്നു കഴിഞ്ഞിരുന്നത്.എന്നാൽ ആ സന്തോഷം നീണ്ടനാൾ നിലനിന്നില്ല.ഒരു ദിവസം അവർ കടയിൽ പോയപ്പോൾ അമ്മയെ ഒരു വാഹനം ഇടിച്ചു.അന്നത്തോടെ അവളുടെ അമ്മ കിടപ്പിലായി.വെറും പത്ത് വയസ്സ് മാത്രമേ അവൾക്കുള്ളൂ.അങ്ങനെയിരിക്കെ അവളുടെ ഗ്രാമത്തിൽ പണക്കാരിയായ റിയ എന്ന പെൺകുട്ടി വന്നു.അവൾ നല്ല സ്വഭാവത്തിനുടമയായിരുന്നു.ഒരിക്കൽ റിയ ആ ഗ്രാമം ചുറ്റിക്കറങ്ങാനായി പോയി.പക്ഷികളെ റിയയ്ക്ക് വളരെ ഇഷ്ടമായിരുന്നു. ഏത് പുതിയ ഇനം പക്ഷികളെ കണ്ടാലും അവൾ അതിന്റെ പടം വരച്ച് അതിന്റെ സവിശേഷത എഴുതുമായിരുന്നു.നിയയുടെ വീട്ടിൽ ആ ഗ്രാമത്തിൽ മാത്രം കാണപ്പെട്ടിരുന്ന പ്രത്യേക ഇനം പക്ഷിയുണ്ടായിരുന്നു.റിയ അത് കണ്ട് ഓടിച്ചെന്നു.അപ്പോഴാണ് റിയ നിയയുടെ അമ്മയെയും കണ്ടത്. റിയ നിയയോട് കാര്യങ്ങളെല്ലാം അന്വേഷിച്ചു.അപ്പോഴാണ് നിയ ട്രീറ്റ്മെന്റിന് കുറെ പണം വേണമെന്ന് പറഞ്ഞത്.എന്നാൽ അമ്മയ്ക്ക് നടക്കുവാൻ സാധിക്കും.ഇതുകേട്ട റിയ അവളുടെ അമ്മയ്ക്ക് വേണ്ട പണം നൽകി ചികിത്സിച്ചു.അങ്ങനെ റിയയും നിയയും നല്ല കൂട്ടുകാരായി.റിയ നിയയ്ക്കും അവളുടെ അമ്മയ്ക്കും വേണ്ടി ഒരു വീട് പണിതുകൊടുത്തു.അവർ പിരിയാത്ത നല്ല സൗഹൃദത്തിനുടമയായിരുന്നു.പക്ഷെ പെട്ടന്ന് ഒരു ദിവസം റിയയുടെ അച്ഛന് വിദേശത്ത് ജോലി ലഭിച്ചു.ഈ വിവരം അറിഞ്ഞ നിയയ്ക്ക് വളരെ സങ്കടമുണ്ടായി.അങ്ങനെ അവർ ഇരുവരും പിരിഞ്ഞു.വർഷങ്ങൾക്കു ശേഷം നിയ വളരെ പ്രശസ്ത സാഹിത്യകാരിയായി.റിയ ഒരു പക്ഷി നിരീക്ഷകയും.നിയയുടെ പുസ്തകങ്ങൾ റിയ വായിക്കുമായിരുന്നു.ഒരിക്കൽ റിയ കാട്ടിലേക്ക് പോയപ്പോൾ അപ്രതീക്ഷിതമായി നിയയെ കണ്ടു.ഇരുവരും**

**സംസാരിച്ചു.ഇരുവരും ഒരിക്കലും പിരിയാത്ത സൗഹൃദത്തിന്റെ രണ്ട് കണികകളാണ്.**

## ക്രിസ്തുമസ്

യേശു ക്രിസ്തുവിൻ ജൻമദിനമായ ക്രിസ്തുമസ്സ് ആഘോഷിക്കുന്നത് ഡിസംബർ 25-നാണ്. ക്രിസ്തുമസ് എന്ന വാക്കിന് ക്രിസ്തുവിന്റെ ജനനം എന്നാണ് അർത്ഥം.ലോകം മുഴുവനുമുള്ള ഒരു ആഘോഷമാണ് ക്രിസ്തുമസ്.വീടുകൾക്കും സ്ഥാപനങ്ങൾക്കും മുമ്പിൽ വിളക്കുകൾ തെളിയിച്ചുകൊണ്ടാണ് ക്രിസ്തുമസിന്റെ വരവ് അറിയിക്കുന്നത്.പല രൂപത്തിലും പല വർണ്ണത്തിലുമുള്ള ഈ വിളക്കുകൾ ഐശ്വര്യത്തിന്റെ അടയാളങ്ങളാണ്.ഇപ്പോൾ വിളക്കുകളോടൊപ്പം വൈദ്യുതിപാലങ്കാരങ്ങളും കാണാം.ക്രിസ്തുമസ് കരോൾ ആണ് ഈ ആഘോഷത്തിന്റെ മറ്റൊരു ആകർഷണീയത.വാദ്യമേളങ്ങളുടേയും വിവിധ തരം വിളക്കുകളുടെയും അകംമ്പടിയോടെ വീടുതോറും കയറിയിറങ്ങി കരോൾ സംഘം നൃത്തച്ചുവടുകൾ വെച്ച് ക്രിസ്തുമസ് ഗാനങ്ങൾ  ആലപിക്കുന്നു."അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി.ഭൂമിയിൽ
സന്മനസ്സുള്ളവർക്ക് സമാധാനം.'' തുടങ്ങിയ സന്ദേശങ്ങൾ ഈ ഗാനങ്ങളിൽ ഉൾക്കൊള്ളുന്നു.കരോൾ സംഘത്തിനോടൊപ്പം കാണുന്ന ക്രിസ്തുമസ് ഫാദർ ആണ് ഇതിലെ ഏറ്റവും വലിയ ആകർഷണീയത.വീട്ടുകാരുടെയും മറ്റും കൈകൾ പിടിച്ച് കുലുക്കി 'ഹാപ്പി ക്രിസ്തുമസും പുതുവൽസരവും' ആശംസിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്ന ക്രിസ്തുമസ് ഫാദർ ഓർമ്മയിൽ നിന്നും മായില്ല.ആശംസകൾ അറിയിച്ച് കൊണ്ട് അയയ്ക്കുന്ന ക്രിസ്തുമസ് കാർഡുകൾ ഈ ആഘോഷത്തിന്റെ മറ്റൊരു പ്രത്യേകതകയാണ്. ഇപ്പോൾ കാർഡുകൾക്ക് പകരം പലരും മൊബൈൽ വഴി മെസ്സേജ് അയക്കുകയാണ് ചെയ്യുന്നത്.പല തരത്തിലും രൂപത്തിലുമുള്ള ക്രിസ്തുമസ് കാലത്ത് വിപണികളിൽ ലഭ്യമാണ്. ക്രിസ്തുമസ് കേക്ക് വിതരണം ഇതുമായി

ബന്ധപ്പെട്ട ഒഴിച്ചുകൂടാനാവാത്ത ഒരു ചടങ്ങാണ്.വിവിധ വലുപ്പത്തിലും ആകൃതിയിലുമുള്ള കേക്കുകളാണ് ഇതിന് ഉപയോഗിക്കുന്നത്.വീടുകളിൽ പുൽക്കൂട് ഒരുക്കുന്നതും ക്രിസ്തുമസ് ട്രീ ഉണ്ടാക്കുന്നതും ഒക്കെ ഈ ആഘോഷത്തിന്റെ ഭാഗങ്ങളാണ്. ലോകത്ത് സമാധാനവും സൗഹൃദവും നിലനിർത്തുവാനും പരസ്പരം സ്നേഹം പങ്കുവെക്കുന്നതിനും പുതിയ ബന്ധങ്ങൾ ഉണ്ടാക്കുന്നതിനും ഉപകരിക്കുന്ന ഒരു ആഘോഷമാണ് ക്രിസ്തുമസ്.

രേവതി രെഞ്ജിത്ത്
6.c

## പണ്ടത്തെ അടുക്കള ഉപകരണങ്ങൾ

അമ്മിയും അരക്കല്ലും

കല്ലിൽ നിർമ്മിച്ച ഉപകരണമാണ് അമ്മിയും അരക്കല്ലും.തേങ്ങയും മറ്റും അരകല്ലിൽ വച്ചശേഷം അമ്മിക്കുഴകൊണ്ട് പണ്ട് അരച്ചിരുന്നത്.

ഉരുളി

ഓട് ,പിച്ചള തുടങ്ങിയവയിൽ നിർമ്മിക്കുന്ന വലിയ പരന്ന പാചകപ്പാത്രമാണ് ഉരുളി. പായസവും മറ്റും  ഉരുളിയിൽ ഉണ്ടാക്കിയിരുന്നു. നാവുരുളി,ഇരുന്നാവുരുളി,മൂന്നാവുരുളി തുടങ്ങി അളവിനനുസരിച്ച് പലതരം ഉരുളി ഉണ്ടാക്കിയിരുന്നു.

ആട്ടുകല്ല്

വൃത്താകൃതിയിൽ നടുവിൽ കുഴിയുള്ള കരിങ്കല്ലാണ് ആട്ടുകല്ല് . ധാന്യങ്ങൾ അരയ്ക്കാനാണ് ഇത് ഉപയോഗിച്ചിരുന്നത്.ഉരുണ്ട കുഴവി (കുഴ) തിരിച്ചാണ് അരിയും ഉഴുന്നും മറ്റും ആട്ടിയെടുത്തിരുന്നത്.

വാർപ്പ് ,ചെമ്പ്

കൂടുതൽ ആളുകൾക്ക് ഭക്ഷണമുണ്ടാക്കാൻ ഉപയോഗിച്ചിരുന്ന വലിയ പാത്രങ്ങളാണ് വാർപ്പും ചെമ്പും .

ഉരലും ഉലക്കയും

ധാന്യങ്ങൾ കുത്താനാണ് ഉരലും ഉലക്കയും ഉപയോഗിച്ചിരുന്നത്.തടി

കൊണ്ട് ഉണ്ടാക്കിയ ഉലക്കയുടെ ഒരറ്റത്തിന് 'ചിറ്റ് 'എന്നും മറ്റേ അറ്റത്തിന് 'കാളൻ' എന്നും പറഞ്ഞിരുന്നു. മരം ,ഇരുമ്പ്,കരിങ്കല്ല് എന്നിവയിൽ ഒന്നുകൊണ്ടാണ് ഉരൽ ഉണ്ടാക്കിയിരുന്നത്.

അടച്ചൂറ്റി

അരി വെന്ത ശേഷം ഊറ്റുമ്പോൾ കലം അടയ്ക്കാൻ ഉപയോഗിച്ചിരുന്ന അർധ വൃത്താകൃതിയിലുള്ള പലകയാണിത്.ചിലയിടങ്ങളിൽ അടച്ചുവാറ്റി എന്നും പറയും .

തടിച്ചിരവ :- തേങ്ങ ചിരകുവാൻ ഉപയോഗിക്കുന്നു.

ചീനഭരണി

പ്രത്യേകതരം കളിമണ്ണിൽ നിർമ്മിച്ചിരുന്ന ഭരണിയാണ് ചീനഭരണി. പണ്ട് അടുക്കളയിൽ ഉപ്പിലിട്ട സാധനങ്ങൾ സൂഷിക്കുവാൻ ഈ ഭരണികൾ ധാരാളമായി ഉപയോഗിച്ചിരുന്നു.

മുറം

ധാന്യങ്ങളിലെ കല്ലും പൊടിയും മറ്റും കളയാൻ ഉപയോഗിച്ചിരുന്ന ഉപകരണമാണ് മുറം. മുളയുടെ പാളികൾക്കൊണ്ടാണ് മുറം നിർമ്മിച്ചിരുന്നത്. വശങ്ങൾ ചൂരലുകൊണ്ട് ചുറ്റിയിരുന്നു.പല ആകൃതിയിൽ മുറങ്ങൾ ഉണ്ടായിരുന്നു.

കൊരണ്ടിപ്പലക

അടുക്കളയിൽ ഇരിക്കാൻ ഉപയോഗിച്ചിരുന്ന ഉയരം കുറഞ്ഞ പലകയാണ് കൊരണ്ടിപ്പലക .

കിണ്ടി

വെള്ളം ഒഴിച്ചെടുക്കാൻ പാകത്തിൽ വാലുള്ള പാത്രമാണ് കിണ്ടി. പിച്ചള,ചെമ്പ്,ഓട് തുടങ്ങിയവകൊണ്ടൊക്കെ കിണ്ടി

ഉണ്ടാക്കിയിരുന്നു.നാഴിക്കിണ്ടി,ഇരുന്നാഴിക്കിണ്ടി,എന്നിങ്ങനെ പല കിണ്ടികളുണ്ട്.

നാഴി

ധാന്യങ്ങൾ അളക്കാൻ ഉപയോഗിച്ചിരുന്ന പാത്രമായിരുന്നു നാഴി.മുളക്കൊണ്ടും തടി കൊണ്ടും ഉണ്ടാക്കിയിരുന്നു.

ഉപ്പുവാറ്റി :-ഉപ്പു കലക്കുവാൻ ഉപയോഗിച്ചിരുന്ന പാത്രമായിരുന്നു ഇത്.കല്ലുകൊണ്ടോ പ്രതേ കതരം മരം കൊണ്ടാ ആയിരുന്നു.ഇത് ഉണ്ടാക്കിയിരുന്നത്.മരിക എന്നും ചിലയിടങ്ങളിൽ അറിയപ്പെടുന്നു.

ചട്ടുകം

ഭക്ഷണം പാകം ചെയ്യുമ്പോൾ ഇളക്കാൻ ഉപയോഗിക്കുന്ന ഉപകരണം.

പൂണി

കൈതോല കീറി വരിഞ്ഞ് ഉണ്ടാക്കുന്ന പാത്രം . ഉണക്കിയ മീനും മാംസവും സൂക്ഷിക്കാൻ ഉപയോഗിക്കുന്ന ഉപകരണം

# കൃതജ്ഞത

ചില ഓർമപ്പെടുത്തലുകൾ കാലം നമുക്കായി കരുതിവച്ചിട്ടുണ്ടാകും. നടന്നു കയറിയ ജീവിത പടവുകൾ നമ്മളെ കരുത്തരാക്കാൻ സഹായിച്ചിട്ടുണ്ട്.സന്തോഷകരമായ ഓർമ്മകളും അനുഭവങ്ങളും സാധ്യമാക്കാൻ ഇതിലൂടെ സാധിച്ചെങ്കിൽ ഞങ്ങൾ കൃതാർത്ഥരാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ച അധ്യാപകർ, കുട്ടുകാർ എല്ലാവർക്കും നന്ദി...നന്ദി....നന്ദി.

# മാഗസിൻ കമ്മറ്റി